# എസ് എൻ ബി എം ഗവ. യു പി സ്കൂൾ മേലടി

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

# സർഗാത്മക വിദ്യാലയം

# CREATIVE SCHOOL




എല്ലാവരെയും
ഉൾക്കൊള്ളുന്ന,
പരിഗണിക്കുന്ന,
ഇടം
മാനവികതയുടെ,
സമഗ്ര വളർച്ചയുടെ,
സർഗാത്മകതയുടെ,
ഇടം
കൂട്ടായ്മകളുടെ,
ജനാധിപത്യ മൂല്യങ്ങളുടെ,
ഇടം

# ആമുഖം

പയ്യോളിയിലെയും പരിസര പ്രദേശങ്ങളിലെയും വിദ്യാഭ്യാസ-സാംസ്കാരിക രംഗങ്ങളിൽ ജ്വലിച്ചു നിൽക്കുന്ന വിദ്യാലയമാണ് മേലടി ശ്രീ നാരായണ ഭജനമഠം ഗവൺമെന്റ് യു പി സ്കൂൾ. ഭൗതിക സാഹചര്യങ്ങളുടെ വികസനത്തോടൊപ്പം അക്കാദമിക _ അക്കാദമികേതര രംഗങ്ങളിലും മാതൃകാപരമായ നിരവധി പ്രവർത്തനങ്ങളാണ് ഈ വിദ്യാലയം ഏറ്റെടുത്ത് മുന്നേറുന്നത്.
സർഗാത്മക വിദ്യാലയം എന്ന കാഴ്ചപ്പാടിൽ നിന്നു കൊണ്ട് ഓരോ കുട്ടിയുടെയും വൈവിധ്യമാർന്ന കഴിവുകൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തു വരുന്നത്. വായിക്കാനും എഴുതാനും ചിന്തിക്കാനും പ്രവർത്തിക്കാനും അന്വേഷിക്കാനും ഇടപെടാനുമുള്ള ധാരാളംഅവസരങ്ങളൊരുക്കുന്നു. പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്യുന്നു. ജീവിത നൈപുണി വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നു.ഈ വിദ്യാലയം കുട്ടികൾക്ക് കാലത്തിനും ലോകത്തിനുമൊപ്പം സഞ്ചരിക്കാനുള്ള ഫലപ്രദവും നൂതനവുമായ വഴികൾ തുറന്നിടുന്നുണ്ട്.

എസ് എൻ ബി എം ഗവ.സ്കൂൾ,കുട്ടിയെയും പഠനത്തെയും കുറിച്ചുള്ള പുതിയതും ശാസ്ത്രീയവുമായ കാഴ്ചപ്പാടുകൾ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്. ഇവിടെ സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഏറ്റവും സജീവവും ഫലപ്രദവുമായ ഇടപെടലുണ്ട്. മികവിന്റെ കേന്ദ്രമായി സ്കൂളിനെ ഉയർത്തിക്കൊണ്ടുവരാനുള്ള കൂട്ടായ ശ്രമങ്ങളാണ് സർക്കാറിന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും നഗരസഭയുടെയും പി.ടി.എ, എസ്.എം.സി, എസ്.എസ്.ജി, വികസന സമിതി തുടങ്ങിയവയുടെയും നേതൃത്വത്തിൽ നടന്നുവരുന്നത്.

എസ്.എൻ.ബി.എം.ഗവ.സ്കൂൾ മുന്നോട്ടു വെക്കുന്ന ആശയങ്ങൾ അടിസ്ഥാനപ്പെടുത്തി രൂപീകരിച്ച 2025-26 വർഷത്തെ സമഗ്രമായ അക്കാദമിക പ്ലാനാണ് ഇവിടെ അവതരിപ്പിക്കുന്നത്. എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. എല്ലാവരുടെയും സജീവവും ആത്മാർഥവുമായ പ്രവർത്തനങ്ങളിലൂടെ എസ് എൻ ബി എം ഗവ. യു.പി.സ്കൂൾ മികവിന്റെ കേന്ദ്രമായി തിളങ്ങി നിൽക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.....

ഉള്ളടക്കം

1. ആമുഖം

2. വിദ്യാലയം ചരിത്രം

3. വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

4. ലക്ഷ്യങ്ങൾ

5. വിദ്യാലയത്തിന്റെ ശക്തിയും പരിമിതിയും

6. സ്കൂൾ വികസന സെമിനാർ

7. അക്കാദമിക മാസ്റ്റർ പ്ലാൻ

പ്രീ പ്രൈമറി

എൽ പി ( ക്ലാസ് തലം )
ഒന്നാം ക്ലാസ്
രണ്ടാം ക്ലാസ്
മൂന്നാം ക്ലാസ്
നാലാം ക്ലാസ്
അറബിക്

വിഷയ മേഖലകൾ (യു.പി)

മലയാളം
ഇംഗ്ലീഷ്
ഗണിതം
സാമൂഹ്യശാസ്ത്രം
അടിസ്ഥാന ശാസ്ത്രം
ഹിന്ദി
അറബിക്
ഉറുദു
സംസ്കൃതം
പ്രവൃത്തി പരിചയം
കലാപഠനം
കായിക ആരോഗ്യ വിദ്യാഭ്യാസം

8. ഉപസംഹാരം

# വിദ്യാലയ ചരിത്രം

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ പയ്യോളി നഗരസഭയിൽ ശ്രീ നാരായണ ഭജനമഠം ഗവൺമെന്റ് യുപി സ്കൂൾ സ്ഥിതി ചെയ്യുന്ന ഉപജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നാണിത്.

സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ കാര്യങ്ങളിൽ വളരെ പിന്നോക്കം നിൽക്കുന്ന കടലോര മേഖലയിലായിരുന്ന ഈ പ്രദേശം വികസനം എത്തി നോക്കാതിരുന്ന ഈ പ്രദേശത്ത് വിദ്യാഭ്യാസ സാംസ്കാരിക മണ്ഡലങ്ങളിൽ പുരോഗതി വന്നുകാണാൻ ആഗ്രഹിച്ച പത്മനാഭൻ കമ്പൗണ്ടറുടെ നേതൃത്വത്തിൽ 1956 ൽ രൂപീകരിച്ച കമ്മിറ്റിയുടെ ഭാരവാഹികൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ പട്ടം താണുപിള്ളയെ കണ്ടു മേലടിയിൽ ഒരു വിദ്യാലയം സ്ഥാപിക്കാനുള്ള നടപടി ഉണ്ടാവണമെന്ന് നിവേദനം സമർപ്പിച്ചു.

അപേക്ഷ പരിഗണിച്ചുകൊണ്ട് ആദ്യവർഷം കമ്മറ്റി സ്കൂൾ നടത്തണമെന്നും തുടർ വർഷം സ്കൂൾ ആരംഭിക്കണമെന്നും മുഖ്യമന്ത്രി അറിയിച്ചു അങ്ങനെ 1960 - 61ൽ 64 കുട്ടികളുമായി സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു.

രണ്ട് വലിയ മുറികളിൽ പ്രവർത്തിച്ചുവന്ന സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം കൂടുതൽ കാരണം 1966 സർക്കാർ യുപി സ്കൂളായി അപ്ഗ്രേഡ് ചെയ്തു അതിന് ശ്രീനാരായണ ഭജനമഠം ഗവൺമെന്റ് യുപി സ്കൂൾ എന്ന് നാമകരണം ചെയ്യപ്പെട്ടു. സാഹചര്യങ്ങളിലെ വികസന മുന്നേറ്റം അക്കാദമിക -അക്കാദമികേതര രംഗങ്ങളിൽ കഴിഞ്ഞ 65 വർഷങ്ങളായി നിരവധി നേട്ടങ്ങൾ കൈവരിക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. പ്രീ പ്രൈമറി മുതൽ ഏഴാം തരം വരെ 450 ഓളം കുട്ടികൾ ഇപ്പോൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്. 33 ജീവനക്കാരാണ് ഇവിടെ ആകെ ജോലി ചെയ്യുന്നത്.

ഒരു വിദ്യാലയത്തിന്റെ പുരോഗതിയിൽ അധ്യാപക രക്ഷകർതൃ സമിതിക്ക് പരമപ്രധാനമായ പങ്കുണ്ട്. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന പി ടി എ, എസ് എം സി, മദർ പി ടി എ, സ്കൂൾ വികസന സമിതി,നഗരസഭ,ജനപ്രതിനിധികൾ, എന്നിവരുടെ പ്രവർത്തനങ്ങൾ സ്കൂൾ പ്രവർത്തനങ്ങൾക്ക് കരുത്തേകുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

വിദ്യാലയം സമൂഹത്തിലെ പൊതു ഇടമാണ് സമൂഹ ജീവി എന്നനിലയിൽ എല്ലാ വരെയും ഉൾക്കൊള്ളാനും എല്ലാവർക്കും അവസര മൊരുക്കാനുമുള്ള ജനാധിപത്യപ രമായ ഒരു ഉൾക്കാഴ്ച കൂടിയാണിത്. സമൂഹത്തിലെ എല്ലാ കുട്ടികളേയും ഉൾക്കൊള്ളു ന്ന വിദ്യാഭ്യാസ രീതി നടപ്പിൽ വരുമ്പോഴാണ് ഈ ലക്ഷ്യം സാർത്ഥകമാകുന്നത്. എല്ലാവർക്കും പഠിക്കാനും വളരാനും യോജിച്ച വിധത്തിൽ തുല്യമായ അവസരങ്ങൾ ഒരുക്കുക എന്നതാണ് പൊതു വിദ്യാഭ്യാസം ഏറ്റെടുക്കേണ്ട സുപ്രധാനമായ ദൗത്യം

## ഭാഷാ പഠനം

ഭാഷാർജ്ജനത്തിന്റെ ആദ്യ ഘട്ടത്തിൽ കുട്ടികളിൽ പ്രബലമായി രൂപപ്പെടുന്ന ഭാഷയാണ് മാതൃഭാഷ കുട്ടിയുടെ വികാര വിചാരങ്ങളേയും പ്രതികരണങ്ങളേയും പ്രതി ഫലിപ്പിക്കാൻ കഴിയുന്ന ഉചിതമായ മാധ്യമമാണ് മാതൃഭാഷ. മാതൃഭാഷയുടെ ഈ പ്രാധാന്യം മനസ്സിലാക്കി വിദ്യാലയത്തിലെ ഓരോകുട്ടിക്കും മാതൃഭാഷയിൽ പ്രാവീണ്യം നേടുന്നതിനുള്ള അവസരം വിദ്യാലയത്തിൽ ഒരുക്കും

സാർവത്രിക പ്രചാരമുള്ള ഭാഷയെന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാപഠനത്തിന് മെച്ച പ്പെട്ട അവസരം ഒരുക്കും. ഇതോടൊപ്പം രാഷ്ട്രഭാഷ എന്ന നിലയിൽ ഹിന്ദി പഠനം ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ വിദ്യാലയത്തിലുണ്ടാവും. ഇവയ്ക്ക് പുറമെ അറബി ഉറുദു സംസ്കൃതം എന്നിവ കൈകാര്യംചെയ്യുന്നതിനുള്ള അവസരം വിദ്യാലയത്തി ലുണ്ടാക്കുക.

ഭാഷാ പഠനത്തിന് സഹായകമാവുന്ന തരത്തിൽ ലൈബ്രറി പ്രവർത്തനങ്ങൾ പരിഷ്കരിക്കും. വിദ്യാലയത്തിൽ നിന്നും പുറത്ത് വരുന്ന കുട്ടികൾ വിവിധ ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള പ്രാപ്തി കൈവരിക്കുന്ന തരത്തിൽ വിദ്യാ ഭ്യാസ പ്രവർത്തനങ്ങൾക്ക് ഊടക്കം കറിക്കും.

## എല്ലാവർക്കും തുല്യപരിഗണന

സ്കൂളിലും പുറത്തുമുള്ള എല്ലാ ജീവിത മണ്ഡലങ്ങളിലും എല്ലാ കുട്ടികളു ടേയും പങ്കാളിത്തം ഉറപ്പ് വരുത്തും. സ്കൂൾ കുട്ടികളെ ഭാവി ജീവിതത്തിനായി തയ്യാറാ ക്കുന്ന ഇടമാണ്. വ്യത്യസ്ത ശേഷികളോടെയുള്ള കുട്ടികളുണ്ട്. വിവിധ സാഹചര്യ ങ്ങളിൽ നിന്ന് വരുന്ന കുട്ടികൾ സ്കൂളിലെത്തുന്നു. അവർക്കെല്ലാം പരമാവധി നേട്ടമു ണ്ടാക്കുന്ന ഒരു ഇരിപ്പിടമാണ് ഈ വിദ്യാലയം. എല്ലാ കുട്ടികൾക്കും അവസരങ്ങൾ നൽകുക, ഒ ാരോരുത്തരുടേയും സവിശേഷമായ കഴിവുകൾ അംഗീകരിക്കുകയും ആദരിക്കപ്പെടുകയും ചെയ്യും വിദ്യാലയ പ്രവർത്തനത്തിൽ എല്ലാവരുടേയും അവ സരം ഉറപ്പാക്കുന്നതിൽ പ്രത്യേകം ശ്രദ്ധ നൽകും. ശാരീരികവും മാനസികവും മൂല്യാധിഷ്ഠിതവും സാമൂഹികവുമായ വളർച്ചക്ക് അനുയോജ്യമായ സാഹചര്യം സ്കൂളിൽ ഒരുക്കും.

കുട്ടികളുടെ മാനസികവും ശാരീരികവുമായ സവിശേഷതകളിൽ പൂർണ്ണ തോതി ലുള്ള വികസനം ഉറപ്പാക്കും.

### നിരന്തരമൂല്യനിർണ്ണയം

കുട്ടിക്ക് പഠനാനുഭവങ്ങൾ അധ്യാപകരുമായി ചർച്ച ചെയ്യാനും അധ്യാപകർ കണ്ട ത്തിയ മികവുകളും പരിമിതികളും കുട്ടികളുമായി പങ്കുവെക്കാനും അവസരമുണ്ടാകുന്ന തരത്തിൽ നിരന്തര മൂല്യ നിർണ്ണയം ഉറപ്പ് വരുത്തും

പുതിയ മൂല്യ നിർണ്ണയ രീതികൾ വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്ന തിനും അധ്യാപകർ അവസരമൊരുക്കും.

### വിവര വിനിമയ സാങ്കേതിക വിദ്യ

വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് കുട്ടികളിലെത്തിക്കേണ്ട ആശയ ങ്ങളും നൈപുണികളും മനോഭാവങ്ങളും അഭിരുചികളും മറ്റും ഫലപ്രദമായി വിനി മയം ചെയ്യാൻ പരിമിതികളുണ്ട്. ഇത്തരം സാഹചര്യത്തിൽ അധ്യാപകർക്കും കുട്ടി കൾക്കും ഒരു സഹായി എന്ന നിലയിൽ പലതും ചെയ്യാൻ ഐടി സാങ്കേതിക വിദ്യക്ക് സാധിക്കും. അധ്യാപകർക്ക് അവരുടെ റോൾ ഫലപ്രദമായി നിർവ്വഹിക്കാൻ വിവര വിനിമയ സാങ്കേതിക വിദ്യ വിവിധരീതികളിൽ പ്രയോജനപ്പെടുത്തുവാനും വിദ്യാലയ ഭരണം, പഠനപ്രവർത്തനങ്ങളുടെ ആസൂത്രണം, അവതരണം, മൂല്യനിർണ്ണയം തുടങ്ങിയ മേഖലകളിൽ അധ്യാപകരുടെ പ്രവർത്തനങ്ങൾ നിലവാരമുള്ളതാക്കാൻ ഐ.ടി സാധ്യ തകൾ പ്രയോജനപ്പെടുത്തും.

### ആരോഗ്യവും കായിക വിദ്യാഭ്യാസവും

കുട്ടിയുടെ സമഗ്ര വികസനത്തിന്റെ പ്രധാന ഘടകങ്ങളിലൊന്നാണ് ആരോഗ്യം. ശരിയായ ആരോഗ്യ ശീലങ്ങൾ, പോഷകാഹാരം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവയെ കുറിച്ചുള്ള അവബോധം കുട്ടികൾക്കുണ്ടാവാനും, വ്യക്തിശുചിത്വം, പരിസര ശുചി ത്വം, പാലിക്കേണ്ടതിന്റെ പ്രാധാന്യം, ആഹാരശീലങ്ങൾ, ശാരീരിക ക്ഷമത നിലനിർത്തു ന്നതിനാവശ്യമായ വ്യായാമങ്ങൾ, യോഗ എന്നിവയ്ക്ക് വിദ്യാലയ പ്രവർത്തനങ്ങളിൽ പ്രാമുഖ്യം നൽകുക. വളർച്ചയുടെ ഓരോഘട്ടത്തിലും കുട്ടിനേരിടുന്ന പ്രയാസങ്ങളും പ്രശ്നങ്ങളും മാനസിക സംഘർഷങ്ങളും തിരിച്ചറിയുന്നതിനും അവയെ സമയ ചിത്ത തയോടെ നേരിടുന്നതിനും പ്രാപ്തമാകുന്ന അവസരങ്ങൾ ഉണ്ടാകും ഉയർന്ന കായിക ക്ഷമതയുള്ള കുട്ടികളെ പരിഗണിക്കുകയും അവരുടെ ഉയർച്ചക്കും വളർച്ചക്കും വേണ്ട സാഹചര്യങ്ങൾ ഒരുക്കും.

കലാപഠനം

കുട്ടികളിൽ സാംസ്കാരികാവബോധം സൃഷ്ടിക്കുന്നതിന് കലാപഠനം വഴി യൊരുക്കുന്നു. കുട്ടിയുടെ സൃഷ്ടിപരവും സർഗാത്മകവുമായ കഴിവുകളെ സ്വാധീനി ക്കുന്ന ഘടകങ്ങൾ ഉൾക്കൊള്ളുന്നതിനാൽ കലാപഠനത്തിന്റെ വിവിധ സങ്കേതങ്ങൾ ഉൾപ്പെടുത്തും. അഭിനയം, സംഗീതം, ദൃശ്യകല തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകും, ഭാഷാ പരിസ്ഥിതിപഠനങ്ങളിൽ കലാപഠനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തും.

ഉൾച്ചേർന്ന  വിദ്യാഭ്യാസം

പ്രത്യേക പരിഗണന അർഹിക്കുന്നവർ, ജീവിത വെല്ലുവിളികൾ നേരിടുന്നവർ, ഭിന്നശേഷി വിഭാഗത്തിൽ പെടുന്നവർ തുടങ്ങിയവർക്കെല്ലാം സവിശേഷമായ പിന്തുണ നൽകുകയും ഫലപ്രദമായ രീതിയിൽ ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുകയും ചെയ്യും.

## ലക്ഷ്യങ്ങൾ

- വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള ആസൂത്രിതമായ അക്കാദമിക പ്രവർത്ത നങ്ങൾ ഏറ്റെടുത്തു കൊണ്ട് മാത്രമേ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാ ഭ്യാസം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാവൂ. ഇതിനു വേണ്ടിയാണ് ഓരോ വിദ്യാലയവും ശ്രമിച്ചു കൊണ്ടിരിക്കുന്നത്. നമ്മുടെ വിദ്യാലയം അതിന്റെ വിദ്യാ ഭ്യാസ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ ലക്ഷ്യങ്ങളാണ് ഇനി വരുന്നത്.

- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ പഠനോപകര ണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയങ്ങൾ ഉറപ്പാക്കുക.

- ഒന്നുമുതൽ ഏഴ് വരെ ക്ലാസുകളിലെ ഓരോ കുട്ടിയും ഒരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും നൈപുണ്യങ്ങളും ധാരണകളും കുട്ടിയുടെ കഴിവി നനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക.

- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗാത്മ കമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും ഇടം ഒരുക്കുക.

- ക്ലാസ് മുറികളിൽ ഐ.സി.ടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
  പഠനം കാര്യക്ഷമമാക്കുക

- കലാകായിക പ്രവൃത്തി പരിചയ മികവ് ഉറപ്പ് വരുത്തുന്നതിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുക.

- സ്കൂൾ ലൈബ്രറി, ലബോറട്ടറി എന്നിവ ആധുനിക വൽക്കരിച്ച് പഠനപ്രക്രിയ യുടെ ഭാഗമാക്കുക

- കാർഷിക സംസ്കാരം വളർത്തിയെടുക്കുക. മാലിന്യനിർമ്മാർജ്ജനം സംസ്കാര മായി രൂപപ്പെടുത്തുക.

- വിദ്യാഭ്യാസത്തിന്റെ ജനകീയ വൽക്കരണം അർത്ഥ പൂർണ്ണമാക്കുക കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ മുൻ നിർത്തി ജൈവവൈവി ധ്യഉദ്യാനം പ്രയോജനപ്പെടുത്തുക.

- പ്ലാസ്റ്റിക്, കീടനാശിനി മുക്ത കാമ്പസ് യാഥാർത്ഥ്യമാക്കുക

- സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടലുകൾ ഉറപ്പ് വരുത്തുക.

- കുട്ടികളിൽ പുതിയ വായനാ സംസ്കാരം സൃഷ്ടിക്കുന്നതിനായി എല്ലാ കുട്ടി കൾക്കും

# വിദ്യാലയത്തിന്റെ ശക്തിയും പരിമിതിയും

ശക്തി

- മികച്ച പഠനാന്തരീക്ഷം ,  തൃപ്തികരമായ ഭൗതിക സാഹചര്യങ്ങൾ.
- വിദ്യാലയത്തെക്കുറിച്ച് രക്ഷിതാക്കൾക്കും,നാട്ടുകാർക്കും,വിദ്യാഭ്യാസ വകുപ്പിനുമുള്ള മതിപ്പ്
- സജീവമായ വിദ്യാർത്ഥി അധ്യാപക രക്ഷകർത്തൃ ബന്ധം
- എസ് എസ് എ നൽകുന്ന അക്കാദമിക പിന്തുണയും സഹായവും (സ്കൂൾ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന BRC യുടെ സാന്നിധ്യം)
- പയ്യോളി നഗരസഭയുടെ സാമ്പത്തിക സഹായവും പിന്തുണയും
- എം പി, എം എൽ എ മാരുടെ പിന്തുണ
- ആധുനിക സൗകര്യങ്ങളോടുകൂടിയ പ്രീ പ്രൈമറി - വർണ്ണ കൂടാരം
- ലൈബ്രറി പ്രത്യേക കെട്ടിടം
- സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ.
- തൊഴിൽ പഠനത്തിന് ക്രിയേറ്റീവ് കോർണർ
- ഇംഗ്ലീഷ് പഠനത്തിന് ELEP പരിപാടി
- ഗണിത പഠനത്തിന് മഞ്ചാടി പരിപാടി
- പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പിന്തുണ നൽകുന്ന പരിപാടി മികവ്
- നൂതന സാങ്കേതിക വിദ്യാഭ്യാസസാധ്യതകൾ പ്രയോജനപ്പെടുത്തുന്ന പ്രത്യേക പ്രോജക്ടുകൾ - DIET WF SCHOOL INNOVATIVE PROJECT.

പരിമിതി

- യാത്ര സൗകര്യത്തിന് സ്കൂളിൽ സ്വന്തമായി വാഹനമില്ലാത്തത്
- സ്ഥിരം കായികാധ്യാപകന്റെ അഭാവം
- കുട്ടികൾക്ക് കളിക്കാൻ ആവശ്യമായ കളി ഉപകരണങ്ങളുടെയും ഗ്രൗണ്ടിന്റെയും അഭാവം
- മാറുന്ന സാഹചര്യങ്ങളിൽ വിദ്യാലയം ആവശ്യപ്പെടുന്ന ഭൗതിക മാറ്റങ്ങൾ ,  ഐ സി ടി ഉപകരണങ്ങൾ , പഠനോപകരണങ്ങൾ, ആധുനിക സാങ്കേതികവിദ്യകൾ എന്നിവയുടെ ലഭ്യതക്കുറവ്.

സാധ്യതകൾ

*സ്കൂളിന്റെ സമീപ പ്രദേശങ്ങളിലെ കഴിവുള്ള വ്യക്തികളെ ഉപയോഗപ്പെടുത്തി പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുക

*പൂർവ്വ വിദ്യാർത്ഥികളെയും വിവിധ സന്നദ്ധസംഘടനകളെയും സ്കൂളിന്റെ വളർച്ചക്ക് ഉപയോഗപ്പെടുത്തൽ

*എസ്.എസ്.ജിയുടെ ശാക്തീകരണം

*വിവിധ വിഷയങ്ങളുടെ പഠന പ്രവർത്തനങ്ങളിൽ റിസോഴ്സ് ആയി അടുത്തുള്ള ഹൈസ്കൂളിനെ ഉപയോഗപ്പെടുത്തൽ

5 /12 /2024ന് സ്കൂൾ വികസന സെമിനാറും അതോടനുബന്ധിച്ച് പ്രത്യേക ക്ലാസ് സഭ, സ്കൂൾസഭ എന്നിവ നടന്നു.സെമിനാറിൽ അക്കാദമിക മേഖലയുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളുടെ ക്രോഡീകരണവും ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

Mathrubhumi
മാതൃഭൂമി

# എസ്.എൻ.ബി.എം. സ്കൂൾവികസന സെമിനാർ

പയ്യോളി ▸ മേലടി ശ്രീനാരായണ ഭജനമഠം ഗവ. യു.പി. സ്കൂൾ വിദ്യാലയ വികസനസെമിനാർ നടത്തി. എന്റെ സ്വപ്നത്തിലെ വിദ്യാലയം എന്ന വിഷയത്തെക്കുറിച്ച് നേരത്തേ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലായിരുന്നു സമഗ്ര വിദ്യാലയപദ്ധതി രൂപവത്കരിച്ചത്. പയ്യോളി നഗരസഭാ വിദ്യാഭ്യാസ സ്ഥിരംസമിതി ചെയർമാൻ പി.എം. റിയാസ് ഉദ്ഘാടനംചെയ്തു.

പി.ടി.എ. പ്രസിഡന്റ് വി.കെ. മുനീർ അധ്യക്ഷനായി. മേലടി എ.ഇ.ഒ. പി. ഹസീസ്, ബി.പി.സി. വി. അനുരാജ്, എം.സി. പ്രമോദ്, അജയകുമാർ, കെ.കെ. പ്രേമൻ, സി. പ്രമോദ്, ടി.പി. വിവേക്, ഷിനിത, പി.കെ. വിജയൻ, എൻ. സിന്ധു, കെ. സരീന, ആർ.എസ്. ദീപ, ശ്രേയ ഷിജിത്ത് എന്നിവർ സംസാരിച്ചു.




▶ മേലടി എസ്.എൻ.ബി.എം. ഗവ. സ്കൂൾവികസന സെമിനാർ പി.എം. റിയാസ് ഉദ്ഘാടനംചെയ്യുന്നു

വിദ്യാലയ വികസന പദ്ധതി ഒന്നു മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികളുടെ അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങൾ അറിയുന്നതിനായി 3/12/2024 ന് ക്ലാസ് സഭ നടത്തി.







4/12/2024 ന് നടന്ന സ്കൂൾ സഭയിൽ ക്ലാസ് സഭയിൽ നിന്നും വന്ന നിർദ്ദേശങ്ങൾ പങ്കുവയ്ക്കപ്പെട്ടു










## സ്കൂൾ വികസന സെമിനാർ -വിവിധ ഗ്രൂപ്പുകളിൽ ചർച്ച നടത്തുന്നു



**വികസന സെമിനാറിൽ വിവിധ ഗ്രൂപ്പുകളിൽ നടന്ന ചർച്ചകളുടെ ക്രോഡീകരണം ഗ്രൂപ്പ് ലീഡമാർ അവതരിപ്പിക്കുന്നു**















## പ്രീ-പ്രൈമറി വിദ്യാഭ്യാസം

ആറ് വയസ്സിനു മുമ്പുള്ള കാലഘട്ടം ഒരു കുട്ടിയെ സംബന്ധിച്ച് ഏറ്റവും നിർണായകമാണ്. കുട്ടിയുടെ ബൗദ്ധികവും ശാരീരികവും സാമൂഹികവും വൈകാരികവുമായ വികാസം ഈ ഘട്ടത്തിൽ സംഭവിക്കുന്നു. ഭാഷാപരമായ വികാസവും ഏറെ പ്രധാനമാണ്. ഈ ഘട്ടത്തിൽ ശരിയായ പരിചരണവും പ്രവർത്തനാനുഭവങ്ങളും നൽകേണ്ടത് അത്യാവശ്യമാണ്. ചുറ്റുപാടുകളെ കാണാനും കേൾക്കാനും അവയോട് അവരുടേതായ രീതിയിൽ പ്രതികരിക്കാനും അവസരം ലഭിക്കണം. കുട്ടിയുടെ ജിജ്ഞാസയെ പ്രോത്സാഹിപ്പിക്കാനും പരിപോഷിപ്പിക്കാനും കഴിയണം.ഇതിനനുഗുണമായ ശാസ്ത്രീയമായ പ്രവർത്തന പദ്ധതികളാണ് എസ്.എൻ.ബി.എം ഗവ.സ്കൂൾ, പ്രീ - പ്രൈമറിയിൽ നൽകി വരുന്നത്.ശിശു കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാ ബന്ധിതവുമായ പരിപാടികളിലൂടെയാണ് പൂർണമായും അത് നടന്നു വരുന്നത്.വിവിധ തീമുകളെ അടിസ്ഥാനമാക്കി കളി പ്രവർത്തനങ്ങളിലൂടെ പഠനാനുഭവങ്ങൾ കുട്ടികളിലെത്തിക്കുന്നു. കഥ, പാട്ട്, അഭിനയം, ലഘു കായിക പ്രവർത്തനങ്ങൾ, ലഘു പരീക്ഷണങ്ങൾ, ചിത്രരചന, ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ നിരവധി പ്രവർത്തനങ്ങളിലൂടെ വിവിധ ശേഷികളുടെ വികാസവും ആശയ സ്വീകരണവും നടക്കുന്നു. സർഗാത്മക പ്രകടനങ്ങൾക്ക് അവസരം നൽകുന്നു. കുട്ടിയുടെ പഞ്ചേന്ദ്രിയങ്ങളുടെ വികാസമാണ് പ്രധാനം എന്ന കാഴ്ചപ്പാടിൽ നിന്നു കൊണ്ട് പ്രവർത്തനങ്ങൾ നൽകുന്നു.

തന്റെ ചുറ്റുമുള്ള ലോകത്തെ കണ്ടും കേട്ടും അറിഞ്ഞും കൊണ്ടുമാണ് കുട്ടി പ്രകൃതിയെയും സമൂഹത്തെയും തിരിച്ചറിയേണ്ടത്.ഈ തിരിച്ചറിവിന്റെ ഭാഗമായി ഭാഷയും പ്രാഗ് ഗണിതവും മനസ്സിലാക്കുന്നു. പ്രീ - പ്രൈമറി വിദ്യാഭ്യാസത്തിനു വേണ്ടി സർക്കാർ നിർദ്ദേശിക്കുന്ന, തികച്ചും ശാസ്ത്രീയമായ പഠന പദ്ധതിയാണ് സ്കൂളിൽ നടപ്പിലാക്കുന്നത്.ഇതിന് സഹായകരമായ മികച്ച ഭൗതികാന്തരീക്ഷവും കളിസ്ഥലവും അനുബന്ധ സംവിധാനങ്ങളും സ്കൂളിനുണ്ട് എന്നത് ഏറ്റവും അഭിമാനകരമാണ്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്

### ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വെക്കുന്നത്. എഴുത്ത് വായന ,വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ, ശില്പശാല, സംയുക്ത ഡയറി സചിത്ര പുസ്തകം എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടികൾ കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം. സമഗ്ര ഗുണമേൻമ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് .

അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റു സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തനം സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾക്ക് സാധ്യത ഒരുക്കിക്കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും സ്വയം വ്യവഹാര രൂപങ്ങളിലേർപ്പെടാനും വായിക്കാനും കഴിവുള്ളവരാക്കുക

- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാൻ ശ്രദ്ധിക്കുക

- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള ശേഷി നേടുമെന്ന് ഉറപ്പുവരുത്തുക.

- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനുള്ള ലഘു രചന ശില്പശാലകൾ നടത്തുന്നു

മലയാളം

| പ്രവർത്തനങ്ങൾ | കാലയളവ് | ഏജൻസി |
|---|---|---|
| *താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ , ചിത്ര വായന കാർഡ് നിർമ്മാണ ശില്പശാല | ജൂൺ | ക്ലാസ്സ് ടീച്ചർ |
| *സചിത്ര സംയുക്ത ഡയറി | ജൂലൈ മുതൽ<br>മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ |
| *പാട്ടരങ്ങ് , മധുരം മലയാളം | ആഗസ്റ്റ്, സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ |
| *രചനോത്സവം | ഒക്ടോബർ | ക്ലാസ്സ് ടീച്ചർ |
| *വായനോത്സവം | നവംബർ ,ഡിസംബർ | ക്ലാസ്സ് ടീച്ചർ |
| *ഭാഷോത്സവം | ജനവരി, ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ, SRG |
| *പുസ്തക പ്രകാശനം | മാർച്ച് | SRG,ക്ലാസ്സ് ടീച്ചർ |

ENGLISH

| Activity | Duration | Agency |
|---|---|---|
| Picture cards | June to July | Class teacher |
| Enjoy songs | August | Class teacher |
| Reading cards | September, | Class teacher |
| Word cards | October to November | Class teacher |
| Digital reading | December | Class teacher |
| Picture album | January | Class teacher |
| Speech | February to March | Class teacher |

ഗണിതം

| പ്രവർത്തനങ്ങൾ | കാലയളവ് | ഏജൻസി |
|---|---|---|
| സംഖ്യാ കാർഡ് | ജൂൺ | ക്ലാസ്സ് ടീച്ചർ |

| | | |
|---|---|---|
| ഗണിത കിറ്റ് | ജൂലൈ, ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ |
| സംഖ്യാ ഗാനങ്ങൾ | സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ |
| ഉല്ലാസ ഗണിതം | ഒക്ടോബർ ,നവംബർ, ഡിസംബർ | ക്ലാസ്സ് ടീച്ചർ |
| ഗണിത ആൽബം | ജനുവരി ,ഫെബ്രുവരി, മാർച്ച് | ക്ലാസ്സ് ടീച്ചർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ്സ്-2

### ആമുഖം

ലക്ഷ്യങ്ങൾ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട് ഇതിനായി ആസൂത്രിത പരിപാടികൾ ആവശ്യമാണ് പരിപാടികളിലൂടെ കുട്ടികൾ പ്രകടമായ മാറ്റങ്ങൾ ഉണ്ടാകുന്നതിനു വേണ്ടിയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്

### ലക്ഷ്യങ്ങൾ

1.ഭാഷാശേഷി വികാവികാസത്തിലൂന്നിയ അക്കാദമിക മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുക.
2.തെറ്റില്ലാതെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും ലഘു ബാലസാഹിത്യകൃതികൾ വായിക്കുന്നതിനും എഴുതുന്നതിനും
3.രക്ഷിതാക്കളുടെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നതിന്
4.കുട്ടികളെ സ്വതന്ത്ര രചയിതാക്കളാക്കുക
5.അവസരങ്ങൾ സൃഷ്ടിക്കുക
6.രചന ഡിജിറ്റൽ പുസ്തകങ്ങൾ ആക്കുക
7.ചരിത്ര പുസ്തകം വിപുലീകരിക്കുക
8.ഭാവാത്മക വായനയ്ക്ക് റീഡേഴ്സ് തിയേറ്റർ ഒരുക്കുന്നതിന്
9. അനുഭവങ്ങൾ പത്രവാർത്ത വ്യവഹാര രൂപത്തിൽ മാറ്റുന്നതിന്
10. രചനോത്സവങ്ങളിൽ പങ്കാളികളാകുന്നതിന്
11.പൊതു സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നതിന്
12.പി.ടി.എ ശക്തിപ്പെടുത്തി ലക്ഷ്യപ്രാപ്തി എത്തുന്നതിന്
13. പൊതു അംഗീകാരം നേടി മികച്ചതാകുന്നതിന്

| പ്രവർത്തനങ്ങൾ | നിർവഹണ കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| 1മലയാളം മധുരം<br>വായന വായനാശക്തീകരണം വായന ഇടർച്ച ഉറപ്പുവരുത്തുന്നതിനുള്ള പരിപാടി | ജൂൺ മുതൽ മാർച്ച് വരെ | ചുമതലകൾ എല്ലാം അധ്യാപകർ ,പിടിഎ, എസ് ആർ ജി | പിടിഎ ,എസ് .എം . സി വികസന സമിതി 'എസ് എസ് കെ |
| 2 സംയുക്ത ഡയറി<br>അനുഭവങ്ങളുടെ ആത്മാംശം ഉൾക്കൊണ്ട് രക്ഷിതാക്കളുടെ സഹായത്തോടുകൂടി എഴുതുന്ന ഡയറി | ജൂൺ മുതൽ മാർച്ച് വരെ | | |
| 3 പട്ടരണ്ട്<br>കുട്ടിയിൽ താളബോധം രൂപപ്പെടുത്തി വായനാ ലേഖനം എന്നിവ എളുപ്പമാക്കി പുസ്തകം ശക്തിപ്പെടുത്തുക | | | |
| 4 സചിത്ര പുസ്തകം | ജൂൺ മുതൽ മാർച്ച് വരെ | | |

| | | | |
|---|---|---|---|
| രണ്ടാം ക്ലാസിലെ മുഴുവൻ പാഠങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുക | | | |
| **5** റീഡേഴ്സ് തിയേറ്റർ<br>മലയാളത്തിലെ വ്യവഹാര രൂപങ്ങൾ ഭാവാത്മകമായി ആശയം ഉൾക്കൊണ്ടുകൊണ്ട് അവതരിപ്പിക്കുന്നതിനുള്ള ധാരണ | ജൂൺ മുതൽ മാർച്ച് വരെ | | |
| **6** നാട്ടുവിശേഷം കൂട്ടെഴുത്ത്<br>ഭാഷാ പഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനുള്ള പ്രവർത്തനം | ജൂലൈ മുതൽ മാർച്ച് വരെ | | |
| **7** ക്ലാസ് പത്രം<br>അനുഭവങ്ങളെ (കണ്ടതോ കേട്ടതോ )ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ എഴുതുന്ന പ്രവർത്തന പദ്ധതി | ജൂലൈ മുതൽ മാർച്ച് വരെ | | |
| **8** രചനോത്സവം<br>ലഘു വ്യവഹാര രൂപങ്ങൾ വിശേഷണങ്ങൾ ചേർത്ത് കഥ കവിത ഡയറി സംഭാഷണം വിവരണം എന്നിവയിലേക്ക് മാറ്റുന്നതിന് | ഓഗസ്റ്റ് മുതൽ മാസം ഒന്നു വീതം | | |
| **9** ഭാഷോത്സവം<br>അതിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരും ആക്കുന്ന പ്രവർത്തന പദ്ധതി | ജൂലായ് മുതൽ ഫെബ്രുവരി വരെ | | |
| | ജനുവരി | | |

## English

### Introduction

**The new English Reader and textbook highlights comprehensive quality education for all students, and formative and summative assessment and inclusive education. In this year mainly focus ensure quality education to all.**

**The second standard have proposed to the master plan for to bring about visible change in children, by in the part of comprehensive quality education programme put forward by education department.**

Objectives

1 get the interested in English learning
2 all engage Games and group level activities
3 able to comprehend the instruction of the teacher and accordingly
4 familiarise with English language denoting birds animal, stories, toys
5 all learners are able to associate the elicited text with those in the textbook and notebook
6 femilirise with words denoting possession(has/have)
7 femilirisewith phatic communication expression hello ,I am sorry, thank you, etc
8 familiaroise with the rhythm and pattern of song
9 able to read story conversation song simple description graphically
10 construct dialogues related to specific context using fragmentary expressions

| Activities | Timeline | Finance |
|---|---|---|
| 1 let's talk<br>Talk with friends and abled person | 1 one in one month starts from July | All finance expense ,we will expecte from PTA SMC SSK |
| 2 Indore and outdoor games<br>Language acquisition games | 2 one in one month starts from July -March | |
| 3 Story world<br>Ensure to them to hear and tell and read and act simple stories with instructions. | 3 Two in one month<br>Starts from September | |
| 4 Providing a platform for story telling and Poetry | 4 June 2 March (occasionally) | |
| 5 Talk and write<br>Draw and write<br>Speak and do | 5 writing festival September to March one in one month | |
| 6 Skit ,conversation ,etc | 6 June to March (Occasionally) | |
| 7 Sing and act<br>Sing with group<br>Singh with microphone<br>Choreography<br>Video making | 7 one in one month (Starts from August) | |

| | | |
|---|---|---|
| 8 Ensures proper platform for to them<br><br>9 Spoken exercises<br>Insight of life<br>Daily life role presentation<br><br>10 Ensures confident level of platform to present their performance<br>Shopping corner<br>Market<br>Home manners<br>Table manners<br>Travelling<br>Office manners<br>Etc | 8 one day one month<br>Starts from September<br><br>9 one in one month<br>Starts from September<br><br>10 one in one month<br>Start from September | |

# ഗണിതം   ക്ലാസ് : 2

ലക്ഷ്യങ്ങൾ

1.ഗണിത ചിന്താശേഷി വളർത്തുന്നതിന്
2.ഗണിത പഠനം രസകരമാക്കുക
3.എല്ലാ കുട്ടികളെയും 2 ക്ലാസിലെ ഗണിത ലക്ഷ്യങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക
4.ഗണിതഭിരുചി വളർത്തിയെടുക്കുക
5 ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയുക

| പ്രവർത്തനങ്ങൾ | നിർവണകാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| 1.ഉല്ലാസ ഗണിതം<br><br>ഗണിത പഠനം കളികളിലൂടെ രസകരമാക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | പി ടി എ |
| 2. ചോദിക്കാം കണ്ടെത്താം<br><br>കുസൃതികണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ | ജൂലായ് -മാർച്ച് ആഴ്ചയിൽ ഒന്ന് വീതം | ക്ലബ് കൺവീനർ<br>ക്ലാസ് ടീച്ചർ | |
| 3. ഗണിത മൂല<br><br>ഗണിത പഠനം രസകരമാക്കാൻ ആവശ്യ പഠനോപകരണങ്ങൾ<br>ഒരുക്കൽ | ജൂൺ | SRG<br>ക്ലാസ് ടീച്ചർ | പി ടി എ |
| 4.ഗണിത പഠനോപകരണ ശില്പശാല | ആവശ്യാനുസരണം | SRG<br>ക്ലബ കൺവീനർ | പി ടി എ |
| 5. ഗണിത മാഗസിൻ | വർഷത്തിൽ ഒന്ന് | | |
| 6. ഒറിഗാമി ശില്പശാല<br>ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ<br>നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | ജൂൺ | ക്ലാസ് ടീച്ചർ | പി ടി എ |
| 7.ഗണിതോത്സവം<br>ഗണിത ശേഷികളുടെ പ്രകടനം | മാർച്ച് | SRG<br>ക്ലാസ് ടീച്ചർ | പി ടി എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ് - 3

### ആമുഖം

മൂന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര ഗുണമേന്മ ലക്ഷ്യം വെച്ച് മികച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ പ്രവർത്തന പദ്ധതി. ഭാഷ ഗണിതം ശാസ്ത്രം എന്നിവയ്ക്ക് പ്രത്യേകം പ്രവർത്തന പദ്ധതികളാണ് തയ്യാറാക്കിയത്. ചില പ്രവർത്തനങ്ങൾ അധ്യാന വർഷം ആരംഭം മുതൽ അവസാനവരെയും ചിലത് പ്രത്യേക കാലയളവിൽ പൂർത്തിയാക്കേണ്ടവയും ആകുന്നു. **PTA, SMC, SRG, BRC,** തുടങ്ങിയ **school supporting agency** കളുടെ ശക്തമായ പിന്തുണയോടെ കൃത്യമായ പുരോഗമിക്കുന്ന ഈ പ്രവർത്തന പദ്ധതി കുട്ടികളുടെ സമഗ്ര വികസനത്തിന് കളമൊരുക്കും

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം ( ക്ലാസ്സ് 3)

### ലക്ഷ്യങ്ങൾ

*ഗണിത പഠനം ഉല്ലാസ് പ്രദവും കൗതുകകരവും ആക്കി മാറ്റുക
*മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹാര ശേഷി ഉള്ളവരാക്കി മാറ്റുക
*എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക
*സങ്കലനവ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക
*ഗുണനവസ്തുതകൾ നേടാൻ പ്രാപ്തരാക്കുക
*ഹരണ ക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടാൻ കുട്ടികളെ പ്രാപ്തരാക്കുക
*സംഖ്യ വ്യാഖ്യാനത്തിന് കുട്ടികളെ പ്രാപ്തരാക്കുക

| പ്രവർത്തനങ്ങൾ | കാലാവധി | പിന്തുണ |
|---|---|---|
| പ്രീ ടെസ്റ്റ്, ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കൽ, തിരിച്ചറിയൽ, ക്ലബ്ബ് പ്രവർത്തനകൾ | ജൂൺ, ജൂൺ/ജൂലൈ, ജൂൺ to മാർച്ച് | SRG<br>CPTA |
| 999 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കൽ, സംഖ്യാ പാറ്റേൺ<br>സംഖ്യാ റിബൺ, കട, ബാങ്ക്, പ്രായോഗിക സന്ദർഭം ഒരുക്കൽ | ആഗസ്റ്റ് | SRG,CPTA,സ്കൂൾ ഗണിത ക്ലബ്ബ് |
| മന: കണക്കുകൾ, അളക്കാൻ ഉള്ള ഉപകരണങ്ങൾ നിർമ്മിക്കൽ, ഉപയോഗിക്കൽ. | സെപ്റ്റംബർ | CPTA |
| അബാക്കസ്, ക്ലോക്ക് നിർമ്മാണം, ശില്പശാല ഗണിതസേന ( മികവ് ) | ഒക്ടോബർ toഡിസംബർ<br>ഒക്ടോബർ to മാർച്ച് | CPTA,SRG |
| വിവിധ തരം അളവ് ഉപകരണങ്ങൾ ശേഖരണം, പ്രദർശനം, പരിചയപ്പെടൽ | ജനുവരി - ഫെബ്രുവരി | SMC, PTA, CPTA, SRG |
| പഠനോത്സവം | മാർച്ച് | BRC, SMC, PTA, SRG |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# ക്ലാസ്സ് 3

ആമുഖം

മൂന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര ഗുണമേന്മ ലക്ഷ്യം വെച്ച് മികച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ പ്രവർത്തന പദ്ധതി. ഭാഷ ഗണിതം ശാസ്ത്രം എന്നിവയ്ക്ക് പ്രത്യേകം പ്രവർത്തന പദ്ധതികളാണ് തയ്യാറാക്കിയത്. ചില പ്രവർത്തനങ്ങൾ അധ്യാന വർഷം ആരംഭം മുതൽ അവസാനംവരെയും ചിലത് പ്രത്യേക കാലയളവിൽ പൂർത്തിയാക്കേണ്ടവയും ആകുന്നു. **PTA, SMC, SRG, BRC,** തുടങ്ങിയ **school supporting agency** കളുടെ ശക്തമായ പിന്തുണയോടെ കൃത്യമായ പുരോഗമിക്കുന്ന ഈ പ്രവർത്തന പദ്ധതി കുട്ടികളുടെ സമഗ്ര വികസനത്തിന് കളമൊരുക്കും

## EVS

ലക്ഷ്യങ്ങൾ

*വിദ്യാർത്ഥികളിൽ പരിസ്ഥിതി ബോധം വർദ്ധിപ്പിക്കുക
*ശാസ്ത്രാവബോധം വർദ്ധിപ്പിക്കുക
*പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക
*ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കുക
*ശുചിത്വ ശീലങ്ങൾ, ആരോഗ്യ ശീലങ്ങൾ എന്നിവയുടെ പ്രാധാന്യം തിരിച്ചറിയുക
*ദേശീയബോധം, സാമൂഹിക വബോധം ജനിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക

| പ്രവർത്തന പദ്ധതി | കാലാവധി | |
|---|---|---|
| *പരിസ്ഥിതി ദിനാചരണം, പ്രകൃതി നടത്തം, ജൈവവൈവിധ്യ ഉദ്യാനം വിപുലീകരിക്കൽ, ചെടികളുമായി ബന്ധപ്പെട്ട നിരീക്ഷണം പരീക്ഷണം<br>*ചെടികളെ തരംതിരിക്കൽ, ക്ലാസ് ലൈബ്രറിയിൽ Evs പുസ്തകങ്ങൾ ഉൾപ്പെടുത്തൽ, ഹരിത കാർഡ്, ജലസസ്യങ്ങൾ പരിചയപ്പെടൽ, ശേഖരണം ( ഇല, വിത്ത് )<br>*പരിസ്ഥിതിക്ലബ്ബ് പ്രവർത്തനങ്ങൾ | ജൂൺ/ജൂലൈ<br>ജൂൺ to മാർച്ച് | SRG, രക്ഷിതാക്കൾ, സ്കൂൾ പരിസ്ഥിതി ക്ലബ്ബ് |
| ജീവികളെ നിരീക്ഷിക്കൽ. ആൽബം നിർമ്മാണം. ശലഭോദ്യാനം നിർമ്മിക്കൽ, ശലഭങ്ങൾ video. മണ്ണ് നിരീക്ഷണം. മഴക്കലണ്ടർ, വാർത്താ ശേഖരണം. ജലസംരക്ഷണ പ്രവർത്തനങ്ങൾ .ക്ലേ മോഡൽ<br>**Project:** ശലഭങ്ങൾ നമുക്ക് ചുറ്റും | ജൂലൈ,<br>ആഗസ്റ്റ്,സെപ്റ്റംബർ | SRG, PTA, രക്ഷിതാക്കൾ |
| ഹെൽത്ത് ക്ലബ്ബ് ,ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം ,ബോധവത്കരണ ക്ലാസ് .ശുചിത്വ ചാർട്ട്, | ജൂൺ to മാർച്ച്<br>.ഒക്ടോബർ | School heath Club, SRG, Parents, |

| | | |
|---|---|---|
| ഹെൽത്ത് കാർഡ്, Dry day, SKit ,ശുചിത്വ സേന, പച്ചക്കറിത്തോട്ടം ഒരുക്കൽ .മാലിന്യ സംസ്കരണം, ചർച്ച, video | ,നവംബർ | Healthcentre, PTA |
| റോഡ് സുരക്ഷ, പ്രഭാഷണം, firstaid mockdril ,firstaid Kit തയാറാക്കൽ, കൊളാഷ് (അപകടവാർത്തകൾ ) Skit, Globe നിർമ്മാണം, globe പരിചയപ്പെടൽ, ദേശീയ പതാക നിർമ്മാണം. ദേശീയചിഹ്നങ്ങൾ തിരിച്ചറിയൽ .ഭൂപട വായന, വാനനിരീക്ഷണം, ലഘു പരീക്ഷണങ്ങൾ ( magic world) | ജനവരി- ഫെബ്രുവരി | SRG, School social Club, Science club, PTA, Parents |
| ഫീൽഡ് ട്രിപ്പ്: വീട് നിർമ്മിക്കുന്ന ഇടം, വിവിധ ജീവികളുടെ കൂടുകൾ നിരീക്ഷണം, വിവിധ ജോലികൾ സർവ്വേ ,പൊതു സ്ഥാപനങ്ങൾ, വ്യത്യസ്ത വീടുകൾ, ആൽബം നിർമ്മാണം, കൂടുകൾ ശേഖരണം. പഠനോത്സവം | മാർച്ച് | CPTA, SRG |

മലയാളം

| പ്രവർത്തനം | കാലവധി | സപ്പോർട്ടിംഗ് ഗ്രൂപ്പ് |
|---|---|---|
| 1ക്ലബ്ബ് പ്രവർത്തനം<br>'2കഥോത്സവം<br>3കലാകാരന്മാരുമായി അഭിമുഖം<br>4 നാടൻ പാട്ട് / കഥ/ കടങ്കഥ - ശേഖരണം | ജൂൺ-ജൂലൈ | SRG<br>ക്ലാസ് പി.ടി .എ<br>രക്ഷിതാക്കൾ |
| 1 നാടക ശില്പശാല<br>2 പലഹാര മേള<br>3 പാവനാടകം<br>4 ക്ലാസ്പത്രം<br>5. കത്തുകൾ<br>6.അഭിമുഖം | ആഗസ്റ്റ് & 'സെപ്തംബർ | CPTA അംഗങ്ങൾ<br>വിദ്യാരംഗംക്ലബ്ബ് |
| 1.കൃഷിത്തോട്ടം ഒരുക്കൽ<br>2.കൃഷിയിട സന്ദർശനം<br>3.കൃഷി പ്പതിപ്പ് | ഒക്ടോബർ & നവംബർ | CPTA<br>വിദ്യാരംഗം ക്ലബ്ബ്<br>SRG |
| 1. രചനോത്സവം | ഡിസംബർ | CPTA<br>വിദ്യാരംഗം ക്ലബ്ബ്<br>' SRG |
| 1.യാത്രാനുഭവം വിവരണം തയാറാക്കൽ<br>2.ഭാഷോത്സവം | ജനവരി & ഫെബ്രുവരി | CPTA<br>SRG<br>വിദ്യാരംഗം ക്ലബ് |
| പഠനോത്സവം | മാർച്ച് | CPTA,SRG,വിദ്യാരംഗം |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ് - 4

### ആമുഖം

ലക്ഷ്യങ്ങൾ സമഗ്ര ഗുണമേൻമാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നാലാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട് ഇതിനായി ആസൂത്രിത പരിപാടികൾ ആവശ്യമാണ് പരിപാടികളിലൂടെ കുട്ടികൾ പ്രകടമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടിയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്

### പരിസര പഠനം

ലക്ഷ്യം

1.നിരീക്ഷണം - അറിവ് നിർമ്മാണം
2.ശാസ്ത്ര മേള
3.അറിവുകളുടെ പ്രയോഗം
4.അറിവുകളുടെ രചന
5. ശാസ്ത്രയാത്ര

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| 1.ഫീൽഡ് ട്രിപ്പ് | ആവശ്യാനുസരണം | HM ,ക്ലാസ്സ് ടീച്ചർ | PTA |
| 2.സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ, വാർത്തകൾ, ചിത്രങ്ങൾ (പ്രദർശനം ) | വർഷത്തിൽ ഒരിക്കൽ | ക്ലാസ്സ് ടീച്ചർ | PTA, SSA |
| 3 .പതിപ്പ്, ചാർട്ട്, ആൽബം , പരീക്ഷണം | വർഷത്തിൽ ഒരിക്കൽ | ക്ലാസ്സ് ടീച്ചർ | PTA |
| 4.ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിൽ ഒരിക്കൽ | ക്ലാസ്സ് ടീച്ചർ | PTA |
| 5 .വാനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക്, ഫോക്ക് ലോർ അക്കാദമി സന്ദർശനം | ആവശ്യാനുസര ണം | HM,SRG, CPTA,ക്ലാസ്സ് ടീച്ചർ | PTA |

# ഗണിതം

ലക്ഷ്യം

1. ഗണിത പഠനം രസകരമാക്കൽ
2. പഠന പ്രവർത്തനം സുതാര്യമാക്കൽ
3. ഗണിതശേഷികളുടെ പ്രകടനം
4. ഗണിത രൂപങ്ങളുടെ പ്രായോഗികമൂല്യം തിരിച്ചറിയൽ
5. പഠനോപകരണ ശില്പശാല

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| 1 .കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ, മൂല്യനിർണയം<br>2. ഗണിത ലാബ് ഒരുക്കൽ<br>3. പ്രശ്നോത്തരി , പസിൽ ,പാറ്റേൺ പഠനഉല്പന്നങ്ങൾ (പ്രദർശനം )<br>4. ഗണിതച്ചുമർ ഒരുക്കൽ<br>5. പഠനോപകരണങ്ങളുടെ നിർമാണം, പ്രദർശനം | ലക്ഷ്യം | 1. ക്ലാസ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ<br>HM,SRG, Class<br>ക്ലാസ്സ് ടീച്ചർ | 1. PTA<br>2. SMC ,PTA<br>3. PTA<br>4. SMC<br>5. PTA |

## മലയാളം

ലക്ഷ്യം

1 .ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
2.വായനാശേഷി വളർത്തൽ
3. ലേഖന ശേഷി വർദ്ധിപ്പിക്കൽ-സാഹിത്യകാരന്മാരെ അടുത്തറിയൽ
4. എഴുത്ത് പരിപോഷിപ്പിക്കൽ
5. നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ (രുചിച്ചറിയാം)

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ | ലക്ഷ്യം നേടുന്നത് വരെ | SRG, ക്ലാസ്സ് ടീച്ചർ | PTA |
| വായന കൂട്ടം,ക്ലാസ്സ് ലൈബ്രറി ,പുസ്തകപരിചയം, വായനാകുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | PTA |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ | PTA |
| പഠന പ്രവർത്തനങ്ങളിൽ നിന്ന് നേടിയ ശേഷികൾ | പ്രതിമാസം | SRG,ക്ലാസ്സ് ടീച്ചർ | PTA |
| ഭക്ഷ്യമേള , പതിപ്പ് നിർമ്മാണം (പാചകകുറിപ്പ്) | വർഷത്തിലൊന്ന് | SRG,ക്ലാസ്സ് ടീച്ചർ | PTA, SMC |

## ഇംഗ്ലീഷ്

ലക്ഷ്യം

1 ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ
2 തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി
3 സർഗ്ഗാത്മകതാ പരിപോഷണം
4 രചനാശേഷി വികസനം
5 വായന പരിപോഷണം

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- |
| ഇംഗ്ലീഷ് അസംബ്ലി | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | **PTA** |
| ഇംഗ്ലീഷ് ഡയറി | എല്ലാ ദിവസവും | ക്ലാസ്സ് ടീച്ചർ | **PTA** |
| വ്യവഹാര രൂപങ്ങൾ **(Skit , Drama , Conversation, Story telling)** | മാസത്തിലൊന്ന് | ക്ലാസ്സ് ടീച്ചർ | **PTA** |
| രചനകൾ ഉൾപ്പെടുത്തി മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ | **SMC** |
| വായനാമൂല ഒരുക്കൽ, വായനാകുറിപ്പ്, പുസ്തകപരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | **PTA** |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## എൽ പി എസ് SNBMGUP സ്കൂൾ അറബിക്

ലക്ഷ്യങ്ങൾ :- 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദാശയബോധം

3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു

4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്

5. മാഗസിൻ നിർമ്മാണം

6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തു വായന | 1.അക്ഷരകാർഡുകൾ നൽകുന്നു<br>2.അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3.ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4.അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5. ICTഉപയോഗിക്കുന്നു | 1.തെറ്റായരീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു<br>2.രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു<br>4. വീടുകളിൽ അക്ഷരച്ചാർട്ട് | 1.കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു<br>2.ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| പദനിർമാണം<br>പദശേഖരണം | 1.അക്ഷരകാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>2.പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം<br>3. പദനിർമാണ മത്സരങ്ങൾ നടത്തുന്നു | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു<br><br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസിലാക്കുന്നു | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ<br>------------------------<br>നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭത്തിനനുസ-രിച്ച് പറഞ്ഞു ശീലിക്കാൻ | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട് ആസ്വദിക്കുന്നു<br><br>മാഗസിൻ നിർമ്മാണം | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു ചിത്രങ്ങൾ വരക്കാം | ചെറിയ കഥാകവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br><br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ ഉപചാര വാക്കുകൾ കഥ കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | CPTA | ഡിസംബർ - മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ നിർമ്മിച്ച് ചെറിയ വിവരങ്ങൾ നൽകുന്നു | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു | | | ജൂൺ - മാർച്ച് |

# മലയാളം അക്കാദമിക് മാസ്റ്റർ പ്ലാൻ

**ആമുഖം**

യുപി വിഭാഗത്തിലെ കുട്ടികൾക്ക് മാതൃഭാഷയിൽ ഉള്ള കഴിവുകളിൽ ഏറ്റ കുറച്ചിലുകൾ ഉണ്ട്. പ്രതിഭാധനരായ കുട്ടികൾക്ക് അവർക്ക് യോജിച്ച തരത്തിലുള്ള പ്രവർത്തനങ്ങളും പിന്നോക്കക്കാരായ കുട്ടികൾക്ക് അവർക്ക് യോജിച്ച തരത്തിലുള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട്.

**പ്രശ്നം:** മലയാളം അക്ഷരത്തെറ്റ് ഇല്ലാതെ എഴുതാൻ കഴിയുന്നില്ല.

**ലക്ഷ്യം:** യുപി ക്ലാസിലെ എല്ലാ വിദ്യാർത്ഥികൾക്കും മലയാളഭാഷയിൽ തെറ്റില്ലാതെ എഴുതാനുള്ള ശേഷി കൈവരിക്കുക

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ജൂൺമാസം പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ ഭാഷയിലുള്ള കഴിവും പോരായ്മയും കണ്ടെത്തുന്നു | മലയാളം അദ്ധ്യാപകർ | ജൂൺ | | പി. ടി. എ. എസ്. എസ്. ജി. |
| 2. ഏറ്റവും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ ഒരു ഗ്രൂപ്പ് ആക്കി മാറ്റുന്നു. ഇവർക്ക് ഭാഷാശേഷി കൈവരിക്കാൻ പര്യാപ്തമായ മോഡ്യൂളുകൾ തയ്യാറാക്കുന്നു. | മലയാളം അദ്ധ്യാപകർ | ജൂൺ-ജൂലായ് | | പി. ടി. എ. എസ്. എസ്. ജി. |
| 3. എല്ലാദിവസവും ഒരു നിശ്ചിത സമയം ഈ മോഡ്യൂളുകളെ അടിസ്ഥാനമാക്കി പരിശീലനം നടത്തുന്നു. ഓരോ മൂന്നുമാസം കൂടുമ്പോഴും വിലയിരുത്തലുകൾ നടത്തുന്നു. | മലയാളം അദ്ധ്യാപകർ | ജൂൺ-മാർച്ച് | | പി. ടി. എ. എസ്. എസ്. ജി. |

**ലക്ഷ്യം:-** സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | മലയാളം അദ്ധ്യാപകർ | ജൂൺ-മാർച്ച് | 1000 | പി. ടി. എ. എസ്. എസ്. ജി. |
| 2. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽ കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | മലയാളം അദ്ധ്യാപകർ | ജൂൺ-മാർച്ച് | | എസ്. എസ്. ജി. |
| | മലയാളം അദ്ധ്യാപകർ | ജൂൺ-മാർച്ച് | | എസ്. എസ്. ജി. |

**ലക്ഷ്യം:** പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പത്രം, ആഴ്ചപ്പതിപ്പുകൾ മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | മലയാളം അദ്ധ്യാപകർ | ജൂൺ-മാർച്ച് | 1000 | പി. ടി. എ. എസ്. എസ്. ജി. |
| ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ കൊടുത്ത് വായനാകുറിപ്പ് തയ്യാറാക്കുന്നു. | മലയാളം അദ്ധ്യാപകർ | ജൂൺ-മാർച്ച് | | എസ്. എസ്. ജി. |
| ഒരു വർഷത്തിനുള്ളിൽ അവർ വായിക്കുന്ന എല്ലാ പുസ്തകങ്ങളുടെയും കുറിപ്പ് ഉൾക്കൊള്ളുന്ന 'എന്റെ വായനാലോകം' എന്ന മാസിക തയ്യാറാക്കുന്നു | മലയാളം അദ്ധ്യാപകർ | ജൂൺ-മാർച്ച് | 1000 | പി. ടി. എ. എസ്. എസ്. ജി. |

**ലക്ഷ്യം:** പ്രതിഭാധനരായ കുട്ടികൾക്ക് ഭാഷാ പരിപോഷണത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. സ്കൂൾ മാഗസിൻ തയ്യാറാക്കൽ. ലേ ഔട്ട് രചനാരീതി എന്നിവ പരിചയപ്പെടുത്തുന്നു. മാതൃക മാഗസിനുകളുടെ ശേഖരണവും പ്രദർശനവും. | മലയാളം അദ്ധ്യാപകർ | ജൂലൈ-ആഗസ്ത് | | പി. ടി. എ. എസ്. എസ്. ജി. |
| 2. നിശ്ചിത വിഷയങ്ങളെ ആസ്പദമാക്കി രചനകൾ ഉൾപ്പെടുത്തി ഒരു മാഗസിൻ തയ്യാറാക്കാൻ ആവശ്യമായ പരിശീലനം കുട്ടികൾക്ക് നൽകുന്നു. | മലയാളം അദ്ധ്യാപകർ | സെപ്റ്റംബർ | | പി. ടി. എ. എസ്. എസ്. ജി. |
| 3. എന്റെ മാഗസിൻ പ്രദർശനം. | മലയാളം അദ്ധ്യാപകർ | ഡിസംബർ | 1000 | പി. ടി. എ. എസ്. എസ്. ജി. |

# ACADEMIC MASTER PLAN
# 2025-26

## English (UP)

Language is a skill subject. Skills are acquired only by Limitation and constant practice. When we think about English as a second language in our classrooms, this should be considered seriously. Years back, English was introduced in Kerala In standard four. But now all the children Who enroll in public schools start to learn It from first standard itself. The main purpose of a course in English at the school level is to help the learner develop into moderately efficient use of English. At the end of all course he/she should be able to use English accurately fluently and appropriately for purpose of communication. The course materials, teacher training and education process are designed so as to achieve the above mentioned goals. This being the case, what is the real condition in our English classrooms? Unfortunately the standard of English is not so hopeful in most of the schools. A majority of the learners cannot read write or speak English well. Why does this happen?

When we analyse the pros and of the problem it should be clearly understood that some gaps are kept unfilled. Though there are well designed learning materials and constantly trained teachers the teaching of English at the lower primary level are yet be reached to the main stream. So it is not the lack of all resources but the lack of approach that complicates the problem.

So we cannot simply introduce some conventional activities to get rid of this situation. While we formulate specific action plans individual scohool regional features should be considered. Bearing all these things we would like to put forward some constructive and practical ways to case the problems prevailing in the field of classroom English learning.

Plan 1

Clearly we cannot expect a student to be communicatively efficientin the beginning stage. It will be the job of the teacher to make sure that Students can communicate with his limited amount of language.

Issue ; Lack of effective communication skill in lower classes.

Objectives : To build confidence in the learners to use English freely.

Activity : Informal English classroom

| Sub activity | In charge | Duration | Expenditure | Agency |
|---|---|---|---|---|
| Let the learners listen to familiar stories, songs,engage in role plays, language games,numeri cal games, memory test games etc. | English club | Throughout the academic year | 500/- | PTA |

Plan 2

It is true that, the learners are often bored by the continuous practice at the textbooks in classrooms. So it is appreciable to experience a class without text books once in a month.

Issue: No availability of external reading materials and audio- video aids.

Objectives:

To familiaris the learners the use of various mass media.

Activity: Class without text book.

| Sub activity | In charge | Duration | Expenditure | Agency |
|---|---|---|---|---|
| Discussion and preparation Of skit, puppet show, readers theater, choreograph, book review, interview etc. | English club | Every month | 500/- | PTA |

## Plan3

Based on newspapers subscribing in the school a pool of questions in English are to be exhibited every day on the notice board. All the weekend An English newspaper quiz competition Shall be conducted with selected questions.

Issue: Lack of systematic programs in general knowledge learning.

Activity: Daily questions, weekly quiz and monthly debate.

| Sub activity | In charge | Duration | Expenditure | Agency |
|---|---|---|---|---|
| Quiz and debate.<br><br>Exhibition of questions on the notice board based on news papers.<br>Preparation of question pool.<br><br>Monthly debate | English club | June- March | 500/- | PTA |

Plan 4

Language is essentially speech. Learning to speak is largely a matter of habit. But habits one acquired are very difficult to be get rid of hence it is essential to still correct habits and speed from the very beginning.

Issue :

Non availability of audio equipments to practice speech.

Objectives:

To practice and check learning own pronunciation with the help of audio equipments.

Activity

English language lab

| Sub activity | In charge | Duration | Expenditure | Agency |
|---|---|---|---|---|
| Set up providing laptops,speakers, microphones,earphone etc.<br>Selected words from the textbooks can be practiced once in a week. | English club | June-March | 100000/- | Muncipality SSA |

Plan 5

-------

There is a very useful tool in the teaching of language. It can be used as a remedial measure in the development of basic knowledge skills.

Every weekend students want to discuss,prepare and practice theatre products.

Issue:

------

Need of theatre games as an effective method for language acquisition.

Objectives:

------------

To trigger the imagination of the learners and make learning a pleasure experience.

Activity

--------

English theatre club and film club

| Sub activity | In charge | Duration | Expenditure | Agency |
|---|---|---|---|---|
| Monthly presentation, participating parents<br><br>Work shops led by well known theatre professionally on script writing,acting and direction.<br><br>Film shows and short film making. | SRG<br>English Club<br>PTA | March | 10000 | Municipality<br>SSG<br>PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം (യു. പി)

### ആമുഖം

നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഗണിതശാസ്ത്ര പഠനം വളരെയധികം സ്വാധീനിക്കുന്നുണ്ട്. ഗണിതത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താത്ത ഒരു ദിവസം പോലും നമ്മുടെ ജീവിതത്തിൽ ഉണ്ടാവില്ല. അതുപോലെ തന്നെ മറ്റു വിഷയങ്ങളുടെ പഠനത്തിലും ഗണിതശാസ്ത്രം ഒരു അവിഭാജ്യ ഘടകമാണ്. അതുകൊണ്ടുതന്നെ ഗണിത പഠനം ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കാനും മറ്റു വിഷയങ്ങളുടെ പഠനത്തിനും സഹായകമാകുന്ന തരത്തിൽ ആയിരിക്കണം. അതിന് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ കോർത്തിണക്കിക്കൊണ്ട് ഗണിത പഠനം മികവുറ്റതാക്കാം.

### ലക്ഷ്യങ്ങൾ

- ഗണിത പ്രശ്നങ്ങൾ സ്വയം അപഗ്രഥിച്ച് പരിഹാരം കണ്ടെത്താൻ പ്രാപ്തനാക്കുക.
- ഗണിത പഠനം കുട്ടികൾക്ക് താല്പര്യമുളവാക്കുന്ന രീതിയിൽ ആക്കുക
- ICT സാധ്യത പ്രയോജനപ്പെടുത്തി ഗണിത പഠനം നൂതനമാക്കുക
- ചതുഷ്ക്രിയ എല്ലാ കുട്ടികളിലും എത്തിക്കൽ
- ഗണിതത്തിലെ കൗതുകവും ലാളിത്യവും കണ്ടെത്തൽ.

## പ്രശ്നങ്ങൾ

അക്കാദമികം : —

- പാഠ്യ പദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല
- അടിസ്ഥാന ആശയങ്ങളെ കുറിച്ചുള്ള ധാരണയില്ലായ്മ
- ICT അധിഷ്ഠിതമായും പ്രക്രിയ ബന്ധിതമായും പാഠാസൂത്രണം നടത്തുന്നതിനുള്ള പരിമിതി.

ഭൗതികം : -

- ക്ലാസ് മുറികൾ ഐസിടി അധിഷ്ഠിത പ്രവർത്തനങ്ങൾക്കും പ്രവർത്തന അധിഷ്ഠിത പഠനത്തിനും അനുയോജ്യമല്ല
- ഗണിത ലാബിന്റെ അഭാവം.

## പ്രവർത്തനങ്ങൾ

1. പ്രീ ടെസ്റ്റ്
2. ഗണിത സേന
3. ഗണിതശാസ്ത്ര മേള
4. ഗണിത മാഗസിൻ
5. പഠനോപകരണ ശില്പശാല
6. ICT പരിശീലനം
7. ഗണിത ക്ലബ്ബ്
8. ഗണിതലാബ് ഒരുക്കൽ

| ഉപ പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1.പ്രീ ടെസ്റ്റ്<br><br>. അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുക<br>. ചോദ്യാവലി തയ്യാറാക്കി ചോദ്യം പേപ്പർ തയ്യാറാക്കൽ<br>. പ്രീ ടെസ്റ്റ് നടത്തിപ്പ്<br>. മൂല്യനിർണയം<br>. ഫലം ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കൽ<br>. ഫലം അവലോകനം ചെയ്ത് SRG യിൽ അവതരണം | വിഷയ സമിതി | 2025 ജൂൺ 10 ന് മുമ്പ് | 500 | PTA |
| 2. ഗണിത സേന<br><br>. ക്ലാസിലെ കുട്ടികളെ വിവിധ ഗ്രൂപ്പുകൾ ആക്കുന്നു<br>. പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് സഹപാഠികളുടെയും അധ്യാപകരുടെയും സഹായത്തോടെ പിന്തുണ നൽകുന്ന പരിപാടി<br>. ചെയ്യേണ്ട സമയം കണ്ടെത്തുക. | വിഷയ സമിതി | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ | 500 | വിഷയ സമിതി |
| 3. ഗണിതശാസ്ത്ര മേള<br><br>ഗണിത ആശയങ്ങൾ കുട്ടികളുടെ ഉൽപ്പന്നങ്ങൾ എന്നിവയുടെ പ്രദർശനം | SRG | ജൂൺ മുതൽ | 2000 | SRG |
| 4. ഗണിത മാഗസിൻ<br><br>. ഗണിത മാഗസിനിലേക്ക് ആവശ്യമായ സൃഷ്ടികൾ കണ്ടെത്തുക | വിഷയ സമിതി | ജൂൺ മുതൽ | 500 | വിഷയ സമിതി |

| | | | | |
|---|---|---|---|---|
| . മാഗസിൻ നിർമ്മാണം<br>. പ്രകാശനം | | | | |
| 5. പഠനോപകരണ ശില്പശാല<br><br>. ഓരോ പാഠഭാഗത്തിലെയും ആശയങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ പട്ടികപ്പെടുത്തുക<br>. സമയം കണ്ടെത്തൽ<br>. വിദഗ്ധരെ കണ്ടെത്തി പഠനോപകരണങ്ങൾ നിർമ്മിക്കുക<br>. ഗണിത ലാബ് തയ്യാറാക്കൽ | വിഷയ സമിതി, SRG | ജൂൺ - ജൂലൈ | 1500 | SRG, PTA |
| 6.ICT പരിശീലനം<br><br>. ഓരോ പാഠഭാഗത്തിലെയും ഐസിടി ഉപയോഗപ്പെടുത്തി ചെയ്യാവുന്ന ആശയങ്ങൾ പട്ടികപ്പെടുത്തുക<br>. വിദഗ്ധരെ കണ്ടെത്തി പരിശീലനം നൽകുക<br>. സമയം കണ്ടെത്തുക | വിഷയ സമിതി | ജൂൺ മുതൽ | 500 | PTA/ SMC |
| 7. ഗണിത ക്ലബ്ബ്<br><br>. ക്ലബ്ബ് പ്രവർത്തനത്തിനുള്ള വാർഷിക കലണ്ടർ തയ്യാറാക്കൽ<br>. ചെയ്യേണ്ട സമയം കണ്ടെത്തുക. | SRG | ജൂൺ -ജൂലൈ | 1000 | PTA |
| 8.ഗണിത ലാബ് ഒരുക്കൽ | SRG | ജൂൺ | 1500 | വിഷയ സമിതി |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## സാമൂഹ്യശാസ്ത്രം

പ്രശ്നം : കുട്ടികളിലെ പൊതുവിജ്ഞാനശേഷിയില്ലായ്മ

ലക്ഷ്യം : 1. കുട്ടികളിലെ പൊതുവിജ്ഞാനശേഷി വർദ്ധിപ്പിക്കുക

2. മത്സര പരീക്ഷകളെ ആത്മവിശ്വാസത്തോടെ നേരിടാനുള്ള കഴിവ് വർദ്ധിപ്പിക്കുക

3. യു.എസ്.എസ് പരീക്ഷകളിൽ വിജയം കൈവരിക്കാൻ ഉള്ള ശേഷി ഉണ്ടാക്കുക

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| **ആനുകാലിക ക്വിസ്**<br>കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി രണ്ടാഴ്ചയിൽ ഒരിക്കൽ പത്രവാർത്തകളിലെ പൊതുവിജ്ഞാനം ഉൾപ്പെടുത്തി ആനുകാലിക ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ് | ജൂൺ മുതൽ ജനുവരി വരെ | 500 | പി ടി എ |
| **സംസ്ഥാനങ്ങളിലൂടെ**<br>ഇന്ത്യയിലെ 28 സംസ്ഥാനങ്ങളെ 7 ഗ്രൂപ്പുകൾ ആക്കി തിരിക്കുന്നു. ഓരോ മാസവും 4 സംസ്ഥാനങ്ങളിലെ സവിശേഷതകൾ ( സംസ്ഥാന തലസ്ഥാനങ്ങൾ, ജനജീവിതം, വസ്ത്രധാരണ രീതി, കലകൾ ഭക്ഷണരീതി, ആഘോഷങ്ങൾ , ചരിത്രസ്മാരകങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ) എന്നിവയെപ്പറ്റി വിവരം ശേഖരിച്ച് പതിപ്പ് നിർമ്മിക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ് | ജൂൺ മുതൽ ജനുവരി വരെ | 500 | പി ടി എ |

പ്രശ്നം : സാമൂഹ്യശാസ്ത്ര പഠനത്തിൽ പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല .

ലക്ഷ്യം : സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ കാര്യക്ഷമവും അനുഭവവേദ്യവും ലക്ഷ്യബോധത്തോട് കൂടിയുള്ളതുമാക്കുക. കുട്ടികൾക്ക് സാമൂഹ്യശാസ്ത്ര പഠനത്തോട് താല്പര്യം ഉണർത്തുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| **സാമൂഹ്യശാസ്ത്ര മ്യൂസിയം**<br>സാമൂഹ്യശാസ്ത്രം മ്യൂസിയത്തിന് അനുയോജ്യമായ ഒരു മുറി രൂപകൽപന ചെയ്യുന്നു. പഴയകാല വീട്ടുപകരണങ്ങൾ നാണയങ്ങൾ കാർഷിക ഉപകരണങ്ങൾ അളവ് ഉപകരണങ്ങൾ സ്റ്റാമ്പുകൾ എന്നിവ ശേഖരിച്ച് അവിടെ പ്രദർശിപ്പിക്കുന്നു. | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | നവംബർ | 5000 | പി ടി എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സാമൂഹ്യശാസ്ത്രം

പ്രശ്നം : കുട്ടികളിലെ പൊതുവിജ്ഞാനശേഷിയില്ലായ്മ

ലക്ഷ്യം : 1. കട്ടികളിലെ പൊതുവിജ്ഞാനശേഷി വർദ്ധിപ്പിക്കുക

2. മത്സര പരീക്ഷകളെ ആത്മവിശ്വാസത്തോടെ നേരിടാനുള്ള കഴിവ് വർദ്ധിപ്പിക്കുക

3. യുഎസ്എസ് പരീക്ഷകളിൽ വിജയം കൈവരിക്കാൻ ഉള്ള ശേഷി ഉണ്ടാക്കുക

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| **ആനുകാലിക ക്വിസ്**<br>കട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി രണ്ടാഴ്ചയിൽ ഒരിക്കൽ പത്രവാർത്തകളിലെ പൊതുവിജ്ഞാനം ഉൾപ്പെടുത്തി ആനുകാലിക ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ് | ജൂൺ മുതൽ ജനുവരി വരെ | 500 | പി ടി എ |
| **സംസ്ഥാനങ്ങളിലൂടെ**<br>ഇന്ത്യയിലെ 28 സംസ്ഥാനങ്ങളെ 7 ഗ്രൂപ്പുകൾ ആക്കി തിരിക്കുന്നു. ഓരോ മാസവും 4 സംസ്ഥാനങ്ങളിലെ സവിശേഷതകൾ ( സംസ്ഥാന തലസ്ഥാനങ്ങൾ, ജനജീവിതം, വസ്ത്രധാരണ രീതി, കലകൾ ഭക്ഷണരീതി, ആഘോഷങ്ങൾ , ചരിത്രസ്മാരകങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ) എന്നിവയെപ്പറ്റി വിവരം ശേഖരിച്ച് പതിപ്പ് നിർമ്മിക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ് | ജൂൺ മുതൽ ജനുവരി വരെ | 500 | പി ടി എ |

പ്രശ്നം : സാമൂഹ്യശാസ്ത്ര പഠനത്തിൽ പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല .

ലക്ഷ്യം : സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ കാര്യക്ഷമവും അനുഭവവേദ്യവും ലക്ഷ്യബോധത്തോട് കൂടിയുള്ളതുമാക്കുക. കുട്ടികൾക്ക് സാമൂഹ്യശാസ്ത്ര പഠനത്തോട് താല്പര്യം ഉണർത്തുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| **സാമൂഹ്യശാസ്ത്ര മ്യൂസിയം**<br>സാമൂഹ്യശാസ്ത്രം മ്യൂസിയത്തിന് അനുയോജ്യമായ ഒരു മുറി രൂപകൽപ്പന ചെയ്യുന്നു. പഴയകാല വീട്ടുപകരണങ്ങൾ നാണയങ്ങൾ കാർഷിക ഉപകരണങ്ങൾ അളവ് ഉപകരണങ്ങൾ സ്റ്റാമ്പുകൾ എന്നിവ ശേഖരിച്ച് അവിടെ പ്രദർശിപ്പിക്കുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകർ | നവംബർ | 5000 | പി ടി എ |

പ്രശ്നം : കുട്ടികൾക്ക് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളെ പറ്റിയുള്ള അറിവില്ലായ്മ.

ലക്ഷ്യം: പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| **ഫീൽഡ് ട്രിപ്പ്**<br>പയ്യോളി മുൻസിപ്പാലിറ്റിയിലെയും പരിസരപ്രദേശങ്ങളിലെയും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും പൊതു സ്ഥാപനങ്ങളും സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ് | ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ | 5000 | പി ടി എ |
| **വെർച്വൽ ഫീൽഡ് ട്രിപ്പ്**<br>ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | സാമൂഹ്യശാസ്ത്ര ക്ലബ് | ജൂൺ മുതൽ ഫെബ്രുവരി വരെ | - | - |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## അടിസ്ഥാന ശാസ്ത്രം

### ആമുഖം

സുസ്ഥിര വികസനത്തിനും നാനാതരത്തിലുള്ള ചർച്ചയ്ക്കും ശാസ്ത്ര പഠനം അനിവാര്യമാണ്. സാമൂഹിക തിന്മകളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും യാഥാർത്ഥ്യത്തിന്റെ വഴിയിലേക്ക് സഞ്ചരിക്കാൻ അത് നമ്മെ സഹായിക്കുന്നു. സമസ്ത മേഖലയിലും പ്രയോജനപ്പെടുന്ന രക്ഷാകവചമാണ് ശാസ്ത്രം. വിവിധ ചിന്താശേഷികൾ വികസിപ്പിച്ചെടുക്കാൻ വ്യത്യസ്ത കോണിലൂടെ നോക്കിക്കാണാൻ ശാസ്ത്ര അഭിരുചി വളർത്താൻ നാം കുട്ടിയെ പ്രാപ്തനാക്കേണ്ടതുണ്ട്.

### ലക്ഷ്യം

മുഴുവൻ വിദ്യാർത്ഥികളിലും ശാസ്ത്രാഭിരുചി വളർത്തുക ശാസ്ത്ര പഠനം ലളിതവും പ്രവർത്തനാധിഷ്ഠിതവും രസകരവും ആക്കുക നേടിയ അറിവുകൾ നിത്യജീവിതത്തിൽ പ്രാവർത്തികമാക്കാനുള്ള ശേഷി കൈവരിക്കുക.

### പ്രശ്നങ്ങൾ

അക്കാദമികം:

* ആശയങ്ങളും ശേഷികളും നിശ്ചിത സമയത്ത് നേടാൻ കഴിയുന്നില്ല.
* പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും കഴിയുന്നില്ല.
* ശാസ്ത്ര മനോഭാവം വികസിക്കുന്നില്ല
* ഐസിടി അധിഷ്ഠിതമായും പ്രക്രിയ ബന്ധിതമായും പാഠാസൂത്രണം നടത്തുന്നതിനുള്ള പരിമിതി.

ഭൗതികം:

* ഫലപ്രദമായ ലാബിന്റെ അഭാവം
* ക്ലാസ് മുറിയിലെ ഐസിടി അധിഷ്ഠിത പഠനത്തിനുള്ള പ്രയാസം.
* ശാസ്ത്ര പഠനത്തിന് അനുയോജ്യമായ പ്രത്യേകം സജ്ജമാക്കിയ ക്ലാസ് മുറികളുടെ അഭാവം.

| പ്രവർത്തനങ്ങൾ | കാലാവധി |
| --- | --- |
| **1.** സയൻസ് ക്ലബ്ബ്:<br>• ക്ലബ്ബ് പ്രവർത്തനത്തിനുള്ള വാർഷിക കലണ്ടർ തയ്യാറാക്കൽ.<br>• ആശയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.<br><br>**2.** ലാബ് നവീകരണം:<br>• ഐസിടി സൗകര്യം, ശാസ്ത്ര ഗ്രന്ഥങ്ങൾ, ശാസ്ത്ര ഉപകരണങ്ങൾ, കുട്ടികൾക്ക് പരീക്ഷണങ്ങൾ ചെയ്യാൻ വിപുലമായ സൗകര്യങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലാബ് നവീകരണം.<br>• ചുമർപത്രികകൾ ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ,ശാസ്ത്ര ഗ്രന്ഥങ്ങൾ ശേഖരിക്കൽ.<br><br>**3.** പഠനോപകരണ ശില്പശാല:<br>• ഓരോ പാഠ ഭാഗത്തിലെയും ആശയങ്ങളുമായി. ബന്ധപ്പെട്ട പഠനോപകരണങ്ങൾ. പട്ടികപ്പെടുത്തുക.<br>• വിദഗ്ധരെ കണ്ടെത്തി പഠനോപകരണങ്ങൾ നിർമ്മിക്കുക.<br><br>**4.** ജൈവവൈവിധ്യ ഉദ്യാനം:<br>• പരിസ്ഥിതി ക്ലബ്ബുമായി ചേർന്ന് ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം.<br>• പക്ഷികളെ ആകർഷിക്കാൻ പറവയ്ക്ക് ദാഹജലം പദ്ധതി.<br>• ചെടികൾ നട്ടുപിടിപ്പിക്കൽ.<br>• പരിചരണം-വെള്ളം, വളം,കീടനാശിനികൾ<br><br>**5.** പഠനോത്സവം:<br>• കുട്ടികൾ ആർജിച്ച ശേഷികളും നൈപുണികളും പരമാവധി പ്രയോജനപ്പെടുത്തൽ.<br>• ഉപകരണങ്ങൾ ചാർട്ടുകൾ, വർക്കിംഗ് മോഡലുകൾ, സ്റ്റിൽ മോഡലുകൾ ഇവയുടെ പ്രദർശനം. | ജൂൺ-മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഹിന്ദി

### ആമുഖം

കേരളത്തിൻറെ ഓരോ പൊതുവിദ്യാലയവും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നു വരാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഹിന്ദി പഠനത്തിൻറെ ഭാഗമാകേണ്ടത് അത്യാവശ്യ കാര്യമാണ്. ഈ ഭാഷയിൽ കുട്ടികൾ പ്രാവീണ്യം നേടേണ്ടത് അനിവാര്യമാണ് .നമ്മുടെ പാഠ്യപദ്ധതിയിൽ നിന്ന് ഹിന്ദി ഭാഷയെ ഒരിക്കലും അകറ്റിനിർത്താൻ പറ്റില്ല. പ്രൈമറി വിദ്യാഭ്യാസം തൊട്ടുതന്നെ ഹിന്ദി പഠന വിഷയമാക്കി കുട്ടികളുടെ നിലവാരത്തിൽ അനുസരിച്ച് പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കണം. വിഷയാധിഷ്ഠിതമായി നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി വികസന പദ്ധതിയിൽ ഉൾക്കൊണ്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്ന രീതിയിലുള്ള സമീപനം നടപ്പിലാക്കാൻ നമുക്ക് കഴിയണം

### ലക്ഷ്യങ്ങൾ

**1**•എല്ലാ കുട്ടികൾക്കും ഹിന്ദി ഫലപ്രദമായി വായിക്കുവാനും എഴുതുവാനും ഉള്ള കഴിവ് വർദ്ധിപ്പിക്കുക

**2**•സംസാരശേഷി വർദ്ധിപ്പിക്കുക .ഹിന്ദി ഭാഷ പഠനം ലളിതവും ആകർഷകവും ആക്കി മാറ്റാനുള്ള ആസൂത്രണം ചെയ്തു നടപ്പാക്കുക

**3**•ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക

**4**•ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക

# അവസ്ഥ വിശകലനം

അഞ്ചാം തരത്തിലെ രണ്ട് പിരീഡുകൾ **6,7** ക്ലാസുകളിലെ മൂന്ന് പിരീഡുകൾ എന്നിവ ഹിന്ദി ഭാഷാ പഠന മികവിൽ തടസ്സം നിൽക്കുന്നുണ്ട്. ഹിന്ദിയെ ഒരു പ്രധാന വിഷയമാക്കി എടുത്ത് പ്രവർത്തനങ്ങൾ നടത്താൻ പലപ്പോഴും ഇത് തടസ്സമാകുന്നു.കേരളം പോലുള്ള അഹിന്ദി സംസ്ഥാനങ്ങളിൽ ഈ കാലയളവിൽ ഒരു ഭാഷാന്തരീക്ഷം സൃഷ്ടിക്കാൻ കഴിയുന്നില്ല. സാമൂഹിക ചുറ്റുപാടിന്റെ അഭാവവും കുട്ടികളുടെ ഭാഷ മികവിൽ തടസ്സങ്ങൾ ഉണ്ടാക്കുന്നു. പ്രാദേശികമായും സാമൂഹികമായും സാമ്പത്തികമായും വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഭൂരിഭാഗവും. എങ്കിലും വളരെ ആകർഷകവും മികവുറ്റതുമായ പ്രവർത്തനങ്ങൾ കൊണ്ട് ഹിന്ദി ഭാഷാ പഠനം മെച്ചപ്പെടുത്താൻ സാധിക്കുമെന്ന് ആശിക്കുന്നു. പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| **1. 5, 6, 7** ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങൾ പരിചയപ്പെടുത്താനും അവസരം ഒരുക്കുക<br>**2.** ഹിന്ദി വായന: തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യുക<br>**3.** ഹിന്ദി ഡയറി: ഹിന്ദി എഴുത്ത് പരിശീലനത്തിന് ഡയറി എഴുതിപ്പിക്കുക<br>**4.** ഹിന്ദി ക്ലബ്ബ്: ഹിന്ദി പ്രചാരണത്തിനായി ഹിന്ദി ക്ലബ്ബ് രൂപീകരിക്കുക | **1.** പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കുക. ചിത്രങ്ങൾ അക്ഷരമാല ചാർട്ട് എന്നിവ പ്രദർശിപ്പിക്കുക<br>**2.** നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് കുട്ടികളെ ആകർഷിപ്പിക്കുക ചിത്രകഥകൾ പ്രയോജനപ്പെടുത്തുക<br>**3.** ദിവസവും ഹിന്ദി ഡയറി എഴുതിപ്പിക്കുക തെറ്റുകൾ തിരുത്തി ഹിന്ദി എഴുത്തു പരിശീലനം നൽകുക<br>**4.** ഹിന്ദി പ്രചാരണ ലക്ഷ്യമാക്കി ക്ലബ്ബ് രൂപീകരണവും പ്രവർത്തനങ്ങളും നടത്തുക |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## അറബിക്

### ആമുഖം

അന്താർദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോക ഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി 'നമ്മുടെ മാതൃരാജ്യത്തിന് ഒട്ടനവധി സാംഭാവനകൾ നൽകിയിട്ടുള്ള വൈദേശിക ഭാഷകളിൽ ശ്രദ്ധേയമായ ഭാഷ' അറബിഭാഷയിലെ ചില പ്രയോഗങ്ങളും നമ്മുടെ നിത്യജീവിതത്തിൽ ഇടം നേടിയിട്ടുള്ളതിൽ നിന്ന് തന്നെ ഇക്കാര്യം വ്യക്തം.
പ്രാചീന സെമിറ്റിക് ഭാഷാകുടുംബത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഏക ഭാഷ അറബിയാണ്. സമ്പന്നമായ കലാ സാഹിത്യ പാരമ്പര്യങ്ങളാലും ഈ ഭാഷ അനുഗ്രഹീതമാണ്.
നമ്മുടെ വിദ്യാലയങ്ങളിൽ മറ്റു വിഷയങ്ങൾക്കൊപ്പം ഇഴ ചേർന്ന് അറബി ഭാഷാ അധ്യയനവും മുന്നോട്ട് പോകുന്ന എന്നത് വളരെ അഭിമാനകരമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റേയും വിദ്യാർത്ഥി ശാക്തീകരണത്തിന്റേയും പ്രഥമ പടിയായി അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമ്മാണത്തിൽ ഏറെ പ്രധാനപ്പെട്ട ഒരിനമാണ് ഭാഷാ പഠനം. ഭാഷാ അധ്യയന മേഖലയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് ഭാഷ സ്വായത്തമാക്കുവാനുള്ള വ്യത്യസ്ത വഴികൾ ഉണ്ടാക്കുക എന്നത്. ഭാഷാപഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അതിന് പ്രതിവിധി ആരായുകയും ചെയ്യുക എന്നതും ഇതോടൊപ്പം ഉണ്ടാവേണ്ടതാണ്.
അറബി ഭാഷാ പഠനത്തിൽ ഉളവാകുന്ന ചില പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകി കൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളും മുന്നിൽ വെച്ച് തയ്യാറാക്കിയതാണ് ഇവിടെ ചേർക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| ലോക ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക<br>കരിക്കലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക<br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക<br>വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പുവരുത്തുക<br>ഭാഷാപഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക<br>വ്യത്യസ്ത ദിനങ്ങളെ കുറിച്ചുള്ള ബോധവത്കരണം | **1,തികവിന്റെ വഴിയിൽ**<br><br>ഭാഷാശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക,<br>മുന്നറിവ് പരിശോധിക്കൽ,<br>അക്ഷരങ്ങൾ ഉറപ്പിക്കൽ,<br>വാചകങ്ങൾ നിർമ്മിക്കൽ,<br>ഭാഷകളികൾ<br><br>**2** വായന കളരി<br>വായന മത്സരം<br>ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br><br>**3,**എഴുത്തുത്സവം<br><br>പതിപ്പ് നിർമ്മാണം<br>ചുമർപത്രങ്ങൾ<br>പോസ്റ്ററുകൾ<br>ഭാഷാകളികൾ<br><br>**4,**അറബിക് കമ്മ്യൂണിക്കേഷൻ<br><br>അസംബ്ലി<br>ഭാഷാ പ്രദർശനം<br>ഭാഷാ കളികൾ<br>ആശയവിനിമയവേദി ക്ലാസ്സലം<br><br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം സംഘടിപ്പിക്കുക,പ്ലക്കാർഡുകൾ ഉണ്ടാക്കുക<br><br>ലാംഗേജ് ലാബ്, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ | ജൂൺ-മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ഉർദു

## ആമുഖം

ഇന്ത്യോ-ആര്യൻ ഭാഷാ ഗോത്രത്തിലെ പ്രധാന ഭാഷകളിലൊന്നാണ് ഉർദു അനുദിനം വികസിച്ച് കൊണ്ടിരിക്കുന്ന സംഗീത സുന്ദരഭാഷയായ ഉർദു ഗസല കളുടേയും ഖവാലികളുടേയും ഹിന്ദുസ്ഥാനി സംഗീതത്തിന്റെയും അന്തർധാര യാണ്. സാഹിത്യ സമ്പന്നമായ ഈ ഭാഷ മിർസാ ഗാലിബിനെയും മുൻഷി പ്രേം ചന്ദിനേയും അല്ലാമാ മുഹമ്മദ് ഇഖ്ബാലിനെയും ലോകത്തിന് സംഭാവന ചെയ്തു. സാംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മുദ്രാവാക്യം ഉയർത്തിപ്പിടുക്കുന്ന ഭാഷയായാണ് ഉർദു അറിയപ്പെടുന്നത്.

എസ്.എൻ.ബി.എം ജി.യു.പി സ്കൂളിൽ ഉർദുപഠനവുമായി ബന്ധപ്പെട്ട് നട പ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നു.

## ലക്ഷ്യങ്ങൾ

മുഴുവൻ കുട്ടികളെയും ഉറുദുഭാഷയിൽ വായനക്കായി സജ്ജരാക്കുക.

ലേഖന നൈപുണ്യം വർദ്ധിപ്പിക്കുക.

ഐ.സി.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി പഠനം സുഗമമാക്കുക.

| പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| **1)** പ്രീ ടെസ്റ്റ് ചോദ്യപ്പേപ്പർ<br>ചോദ്യാവലി തയ്യാറാക്കൽ<br>പ്രീ ടെസ്റ്റ് നടത്തിപ്പ്<br>മൂല്യനിർണ്ണയം<br>റിപ്പോർട്ട് തയ്യാറാക്കൽ<br>പരിഹാരബോധനം | എസ് ആർ.ജി, വിഷയ സമിതി | ജൂൺ | **500** |
| **2)** വായന<br>മുഴുവൻ കുട്ടികൾക്കും ലളിത മായ പുസ്തക വിതരണം | വിഷയ സമിതി | ജൂൺ മുതൽ മാർച്ച് വരെ | **1000** |

| | | | |
|---|---|---|---|
| പുസ്തകങ്ങളെ കുറിച്ച് ചർച്ച<br>പുസ്തകം വായിക്കൽ<br>വായിച്ച പുസ്തകങ്ങളെ പറ്റി<br>യുള്ള രേഖപ്പെടുത്തലുകൾ<br>കൂടുതൽ പുസ്തകങ്ങൾ<br>വായിച്ച കുട്ടികൾക്ക് സമ്മാന വിതരണം | | | |
| 3) ഉറുദു ക്ലബ്<br>അംഗങ്ങളെ തെരഞ്ഞെടുക്കൽ<br>ക്ലബ് രൂപീകരണം<br>. പ്രവർത്തനങ്ങൾ തയ്യാറാക്കൽ<br>ദിനാചരണങ്ങൾ ഉറുദുഭാഷയു<br>മായി ബന്ധപ്പെടുത്തൽ | അധ്യാപിക | ജൂൺ-മാർച്ച് വരെ | 500 |
| 4) ഉറുദു ദിനാചരണം<br>ഉറുദു അസംബ്ലി<br>പോസ്റ്റർ പ്രദർശനം<br>ഉറുദു ക്വിസ്<br>വായനാ ലേഖന മത്സരങ്ങൾ<br>മറ്റു കലാപരിപാടികൾ | വിഷയ സമിതി, SRG | നവംബർ | 500 |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സംസ്കൃതം

ആമുഖം

പൊതുവിദ്യാലയങ്ങളിൽ ഉപഭാഷകൾ പഠിക്കുന്ന വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾപരിഹരിക്കുന്നതിനും ഭാഷ അനായാസം കൈകാര്യം ചെയ്യാനും ആശയവിനിമയം നടത്താനും വിദ്യാർത്ഥികളെ സജ്ജരാക്കേണ്ടതുണ്ട്. സമഗ്ര ഗുണമേന്മ ലക്ഷ്യംവെച്ച് കൊണ്ട് പൊതുവിദ്യാലയങ്ങളിലെഭാഷാപഠനംമെച്ചപ്പെടുത്തുന്നതിനായിനൂതനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട് ഈ ലക്ഷ്യം കൃത്യമായി സാധൂകരിക്കാൻ കുട്ടിയും രക്ഷിതാവും അധ്യാപകരും ചേർന്ന പ്രവർത്തിക്കേണ്ടതുണ്ട്. ക്ലാസ് മുറികളിൽ നല്ല ഭാഷാന്തരീക്ഷം സൃഷ്ടിച്ചാൽ അത് ഭാഷയുടെ വളർച്ചക്ക് ഏറെ പ്രയോജനകരമാവും.

പ്രശ്നം

സമഗ്ര ഗുണമേന്മ ലക്ഷ്യം വെച്ച് കൊണ്ട് വിദ്യാലയങ്ങളിലെ ക്ലാസ് മുറികളിൽ നടക്കുന്ന പഠന പ്രവർത്തനങ്ങളുടെ ശേഷികൾ കുട്ടികൾക്ക് യഥാവിധി കൈവരിക്കാൻ കഴിയുന്നില്ല. അതിനാൽ അവർ പഠിക്കുന്ന ഉപഭാഷകളിൽ ആശയവിനിമയം നടത്താൻ കഴിയാതെ വരുന്നു അത് വിദ്യാർത്ഥികളെ ഉപഭാഷ പഠിക്കുന്നതിൽ വൈമുഖ്യം ഉണ്ടാവാൻ കാരണമാവുന്നു

ലക്ഷ്യം

- എല്ലാ കുട്ടികൾക്കും ഭാഷഫലപ്രദമായി വായിക്കാനും, എഴുതാനും, സംസാരിക്കാനുമുള്ള ശേഷികൾ വികസിപ്പിക്കൽ
- അക്ഷരങ്ങളും ,പദങ്ങളും, ആശയങ്ങളും ഉറപ്പിക്കൽ
- ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും ,സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം ഒരുക്കൽ

| ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| 5 മുതൽ 7 വരെ ക്ലാസുകളിൽ സംസ്കൃതം പഠിക്കുന്ന കുട്ടികൾക്ക് **Pre-Test** നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br><br>പ്രീടെസ്റ്റിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു | ജൂൺ To മാർച്ച് | **SRG** | **PTA** |

| | | | |
|---|---|---|---|
| ഭാഷാപോഷണ<br>ക്ലബ്ബുകൾ നൂതന<br>സാങ്കേതികവിദ്യ<br>ഉപയോഗപ്പെടുത്തി<br>കൊണ്ട് നടത്തുന്നു<br><br>ഭാഷാ<br>വികാസത്തിനായി<br>ഭാഷാ ഫലകങ്ങൾ<br>സ്ഥാപിക്കുന്നു<br><br>(ഒരു ദിനം ഒരു പദം)<br>പദങ്ങൾ ഉപയോഗിച്ച്<br>എഴുത്തുകളരി ഒരുക്കുന്നു.<br><br>സംസ്കൃതം അസംബ്ലി<br>,രചനാ മത്സരങ്ങൾ,<br>വീഡിയോ പ്രദർശനം,<br>വാർത്താവതരണം,<br>സുഭാഷിത പരിചയനം<br>സംസ്കൃത സിനിമാ<br>ഗാനശ്രവണം, എന്നിവ<br>റേഡിയോ<br>പ്രോഗ്രാമിലൂടെ<br>അവതരിപ്പിക്കുന്നു<br><br>സംസ്കൃത ഗ്രന്ഥങ്ങൾ<br>പരിചയപ്പെടാൻ<br>ലൈബ്രറി<br>ശാക്തീകരണം<br><br>സംസ്കൃത<br>ദിനാചരണത്തിൽ<br>വിവിധപരിപാടികൾ<br><br>**ICT** സാധ്യത<br>പ്രയോജനപ്പെടുത്തി<br>സംസ്കൃതം **Typing**<br>പരിശീലനം | | | |

| | | | | |
|---|---|---|---|---|
| 6. നാടകക്കളരി<br>7.ദിനപ്പാചരണം കലയുമായി ബന്ധപ്പെടുത്തുക | | | 5000 | Arts club |

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

ക്രിയേറ്റീവ് കോർണറിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി വയറിംഗ്, പ്ലംബിംഗ്,കൃഷി, പാചകം, ടൈലറിംഗ് ഇടങ്ങിയ മേഖലകളിൽ കൂടി പരിശീലനം.

| പ്രവർത്തനം | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|
| ഓഫീസ് കവർ നിർമ്മാണം | ജൂലൈ - 2 ആഴ്ച | SRG, പ്രവൃത്തി പരിചയ ക്ലബ് | 1000 |
| സുഡോകോ കൊക്ക് നിർമ്മാണം, പതാക നിർമ്മാണം | ഓഗസ്റ്റ്-2 ആഴ്ച | പ്രവൃത്തി പരിചയ ക്ലബ് | 500 |
| പേപ്പർ ബാഗ് നിർമ്മാണം | സെപ്റ്റംബർ-2 ആഴ്ച | പ്രവൃത്തി പരിചയ ക്ലബ് | 500 |
| ഫിനോയിൽ നിർമ്മാണം | നവംബർ | പ്രവൃത്തി പരിചയ ക്ലബ് | 500 |
| , ഗ്രീറ്റിംഗ് കാർഡ് നിർമ്മാണം | ഡിസംബർ-ജനുവരി | പ്രവൃത്തി പരിചയ ക്ലബ് | 2000 |
| ശില്പശാല, | ഫെബ്രുവരി | SRG,പ്രവൃത്തി പരിചയ ക്ലബ്, PTA | 3000 |
| പ്രദർശനം, വിൽപ്പന | മാർച്ച് | SRG, പ്രവൃത്തി പരിചയ ക്ലബ് | 2000 |

# ആരോഗ്യകായിക വിദ്യാഭ്യാസം

## ആമുഖം

ഒരു വ്യക്തിയുടെ വികസന പ്രക്രിയയിൽ ആരോഗ്യകായിക വിദ്യാഭ്യാസ ത്തിന് അതുല്യമായ സ്ഥാനമാണുള്ളത്. കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ വികാസത്തിന് കായിക-ആരോഗ്യ പ്രവർത്തനങ്ങൾക്കും പാഠ്യപദ്ധതി അവസരമൊരുക്കുന്നു. കായികക്ഷമതയുടെ പുറമേ കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങൾ, കൗമാരപ്രശ്നങ്ങൾ, എന്നിവ സംബന്ധിച്ച അവബോധവും ആരോഗ്യകായികവിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. അതോടൊപ്പം താല്പര്യമുള്ള കായിക മേഖലകൾ തെരഞ്ഞെടുത്ത് അവയിൽ മികവുള്ളതായിരിക്കാനുള്ള അവസരവും ഉറപ്പാക്കണം

| പ്രവർത്തനം | ചുമതല | കാലം |
|---|---|---|
| ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ | വിഷയ സമിതി | ഓഗസ്റ്റ് |
| മാസ്സ് ഡ്രിൽ | വിഷയ സമിതി | ജൂൺ മുതൽ മാർച്ച് വരെ |
| സുംബ ഡാൻസ് പരിശീലനം | വിഷയ സമിതി | ജൂൺ മുതൽ മാർച്ച് വരെ |
| ലഘു വ്യായാമങ്ങൾ | വിഷയ സമിതി | ജൂൺ മുതൽ മാർച്ച് വരെ |
| ഫുട്ബോൾ, കബഡി, ബാസ്കറ്റ് ബോൾ, ക്രിക്കറ്റ് പരിശീലനം | PTA | സെപ്റ്റംബർ മുതൽ ജനുവരി |
| അത്‌ ലറ്റിക് പരിശീലനം | PTA | ജൂൺ മുതൽ മാർച്ച് വരെ |
| മാസാന്ത സ്പോർട്സ് ക്വിസ് | വിഷയ സമിതി | ജൂൺ മുതൽ മാർച്ച് വരെ |
| പ്രഥമ ശുശ്രൂഷാ ക്ലാസുകൾ | വിഷയ സമിതി | ഒക്ടോബർ |
| പ്രാദേശിക കായിക പ്രതിഭകളുടെയും പരിശീലകരുടെയും സഹായം ഉറപ്പു വരുത്തൽ | PTA | ഡിസംബർ |
| SNBM പ്രീമിയർ ലീഗ് | SRG, PTA | ജനുവരി |

# ഉപസംഹാരം

എസ് എൻ ബി എം ഗവ. യു പി സ്കൂളിന്റെ 2025-26 വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാനാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിച്ചു കൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. പ്രീ - പ്രൈമറി മുതൽ പത്താംതരം വരെയുള്ള പാഠപുസ്തകങ്ങളും അനുബന്ധ പ്രവർത്തനങ്ങളും മാറിയിരിക്കുന്നു. ഇതിന്റെ തുടർ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തിൽ ഊന്നിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് സ്കൂളിൽ നടന്നുകൊണ്ടിരിക്കുന്നത്. സ്കൂളിന്റെ സമഗ്ര വളർച്ചയിൽ പങ്കാളികളായവരെയും പിന്തുണ നൽകിക്കൊണ്ടിരിക്കുന്നവരെയും ഞങ്ങൾ സ്നേഹപൂർവ്വം അഭിവാദ്യം ചെയ്യുന്നു. പയ്യോളി നഗരസഭ, ജനപ്രതിനിധികൾ, പി.ടി.എ. എസ്.എം.സി, എസ്.എസ്.ജി, വികസന സമിതി, നാട്ടുകാർ .......
കൂടെ നിൽക്കുന്ന എല്ലാവരുടെയും പിന്തുണയോടെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുമെന്ന് ഞങ്ങൾ ഉറച്ച വിശ്വസിക്കുന്നു.....



ലഹരിക്കെതിരെ പ്രത്യേക അസംബ്ലി നടത്തി












